ദി ഡിഫെൻഡർ

Vol. No. 12 Issue No. 12 RNI Reg. No. 68089 / 97 Published From Perumbavoor 2009 June 16 Price: Rs.100/- P.A.

# രാജുക്കുട്ടിയുടെ പെട്ടിയിൽ എം.എ ഡിഗ്രി പിടയ്ക്കുന്നു

എം.എ ഡിഗ്രി പിടയ്ക്കുമോ? ഇല്ലെന്നാണ് ഉത്തരമെങ്കിൽ നിങ്ങൾക്കു തെറ്റി. രാജുക്കുട്ടിയുടെ കൈവശമുള്ള എം.എ പിടയ്ക്കുന്നതാണ്. സംഭവം നേരിൽ കാണാൻ താല്പര്യമുള്ളവർ രാജുക്കുട്ടിയുടെ വീട്ടിൽ എത്തുക. പക്ഷേ ഒരു കണ്ടീഷൻ: ഇതിന്റെ ഫോട്ടോസ്റ്റാറ്റ് വേണമെന്നു പറയരുത്. എപ്പോഴും പിടച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് ഫോട്ടോസ്റ്റാറ്റ് എടുക്കാൻ പറ്റില്ല.

ഡിഫെൻഡർ തമാശ പറയുകയാണെന്നു കരുതുന്നവർ ആ ധാരണ തിരുത്തുക. കാരണം, ഈ അത്ഭുത സംഭവത്തേക്കുറിച്ചു പറഞ്ഞതു രാജുക്കുട്ടി തന്നെയാണ്. രഹസ്യമായല്ല അൻപതോളം ആളുകളുടെ മുൻപിൽ വച്ചു പരസ്യമായാണ് ഈ വെളിപ്പെടുത്തൽ നടത്തിയത്. സംഭവം ചുരുക്കി പറയാം:

പി.സി.ചെറിയാന്റെ ഉടമസ്ഥതയിൽ പ്രസിദ്ധീകരിച്ചു വരുന്ന ജ്യോതിമാർഗ്ഗത്തിന്റെ ഇരുപത്തെട്ടുമായി ബന്ധപ്പെട്ട് ഒരു മീറ്റിംഗ് രണ്ടാഴ്ച മുൻപ് കോട്ടയം കഞ്ഞിക്കുഴിയിൽ നടന്നു. എല്ലാ പെന്തക്കോസ്ത് നേതാക്കൻമാരേയും ക്ഷണിച്ചിരുന്നെങ്കിലും രാജുക്കുട്ടിയും മറ്റൊരു നേതാവും മാത്രമേ എത്തിയുള്ളൂ. (ബാക്കിയുള്ളവർക്കൊക്കെ വേറെ ജോലിയുണ്ടല്ലോ). ഈ സമ്മേളനത്തിൽ പ്രസംഗിക്കുന്നതിനിടയിലാണ് രാജുക്കുട്ടി തന്റെ കൈവശമുള്ള എം.എ ഡിഗ്രി പിടയ്ക്കുന്നതായി മാലോകരെ അറിയിച്ചത്. രാജുക്കുട്ടി പറഞ്ഞതിന്റെ ചുരുക്കം ഇതാണ്:

പത്രങ്ങൾ കള്ളം എഴുതരുത്. ഉദാഹരണത്തിന്, രാജുക്കുട്ടി എം.എക്കാരനല്ല എന്ന് ഒരു പത്രം എഴുതി. അതു കള്ളമാണ്. കേരള യൂണിവേഴ്സിറ്റിയിൽ നിന്നു കിട്ടിയ ഒന്നാംതരം പിടയ്ക്കുന്ന എം.എ രാജുക്കുട്ടിയുടെ പെട്ടിയിൽ ഇരിപ്പുണ്ട്. ആർക്കും അതു നേരിൽ വന്നാൽ കാണാം.



പക്ഷേ രാജുക്കുട്ടിയുടെ എം.എയുടെ ഫോട്ടോസ്റ്റാറ്റ് മേല്പടി പത്രം ചോദിച്ചു. ആ പത്രത്തിൽ രാജുക്കുട്ടി ജോലിക്ക് അപേക്ഷിക്കയും മറ്റും ചെയ്തിട്ടില്ലാത്തതുകൊണ്ട് ഫോട്ടോസ്റ്റാറ്റ് അയച്ചുകൊടുത്തില്ല.

കേരള യൂണിവേഴ്സിറ്റിയെന്നല്ല ലോകത്തുള്ള ഒരു യൂണിവേഴ്സിറ്റിയും പിടയ്ക്കുന്ന എം.എ ഡിഗ്രി കൊടുക്കുന്നതായി അറിവില്ല. സാങ്കേതികവിദ്യ അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് 'ആനിമേറ്റഡ് ഡിഗ്രി' എന്നൊരു സാധനം ഏതെങ്കിലും യൂണിവേഴ്സിറ്റി കൊടുത്താൽ അത്ഭുതപ്പെടേണ്ടതുമില്ല. ഏതായാലും രാജുക്കുട്ടിയുടെ കൈവശം ഇത്തരം ഒരു സാധനം ഉണ്ടെന്നറിഞ്ഞതിൽ സന്തോഷം. ഈ വാർത്ത രാജുക്കുട്ടി ഇത്രക്കാലവും രഹസ്യമാക്കി വച്ചതു ശരിയായില്ല എന്നു മാത്രമേ ഡിഫെൻഡറിനു പറയാനുള്ളൂ.

പത്രങ്ങൾ നുണ എഴുതിവിടാൻ പാടില്ല എന്നു രാജുക്കുട്ടി പറഞ്ഞതിനോടു ഡിഫെൻഡർ പൂർണ്ണമായി യോജിക്കുന്നു. ഈ തത്ത്വം അർഹിക്കുന്ന ഗൗരവത്തിൽ എടുക്കുന്ന പത്രമാണു ഡിഫെൻഡർ. അതുകൊണ്ടാണു രാജുക്കുട്ടി കാട്ടിക്കൂട്ടിയ തോന്ന്യാസങ്ങളൊക്കെ ഡിഫെൻഡർ സത്യം സത്യമായി എഴുതിയത്. മറ്റു പെന്തക്കോസ്ത് പത്രങ്ങൾ കൂടി ഡിഫെൻഡറിന്റെ മാതൃക പിൻതുടർന്നിരുന്നെങ്കിൽ പെന്തക്കോസ്ത് പണ്ടേ നന്നാകുമായിരുന്നു. പക്ഷേ സത്യം തുറന്നു പറയാൻ ഭൂരിപക്ഷം പെന്തക്കോസ്ത് പത്രങ്ങൾക്കും ധൈര്യമില്ല, താല്പര്യവുമില്ല. അതുകൊണ്ടാണ് രാജുക്കുട്ടിയേപ്പോലുള്ളവർ പെട്ടിയിൽ പിടയ്ക്കുന്ന ഡിഗ്രിയുമായിരുന്നു ജനവഞ്ചന നടത്തുന്നത്.

# പി.സി.ചെറിയാനും മേല്പടി തന്നെ



ചർച്ച് ഓഫ് ഗോഡിലെ ശുശ്രൂഷകനായ പി.സി.ചെറിയാനും കള്ളനാണോ? ആണെന്നു വിശ്വസിക്കേണ്ട സ്ഥിതിയിലാണ് ഡിഫെൻഡർ. ഇയാളേപ്പറ്റി നിരവധി പരാതികൾ ഡിഫെൻഡറിനു ലഭിച്ചിരുന്നെങ്കിലും വേണ്ടത്ര തെളിവുകളില്ലാത്തതിനാൽ അവയൊന്നും വിശ്വസിക്കാനാവാത്ത സ്ഥിതിയിലായിരുന്നു. പക്ഷേ പി.സി.ചെറിയാനും കള്ളനാണെന്നു വിശ്വസിക്കാതെ തരമില്ലതായിരിക്കുന്നു എന്നു ദു;ഖത്തോടെ പറയട്ടെ.

ദൈവവചനം ദുർവ്യാഖ്യാനം ചെയ്യുന്നു എന്ന പരാതിയാണു പി.സി.ചെറിയാനേപ്പറ്റി ഏറെ കേട്ടിരുന്നത്. അതു ശരിയാണെന്നു ഡിഫെൻഡർ കണ്ടെത്തുകയും ചെയ്തിരുന്നു. എന്നാൽ കെ.എ.ഏബ്രഹാമും മറ്റും നടത്തുന്നത്ര ദുർവ്യാഖ്യാനം ഇയാൾ നടത്തുന്നില്ല. അതുകൊണ്ട് ഇയാളേപ്പറ്റി ഡിഫെൻഡർ ഏറെയൊന്നും എഴുതിയുമില്ല.

പണം പിടുങ്ങാനായി പി.സി.ചെറിയാൻ പലവിധത്തിലുള്ള കുതന്ത്രങ്ങൾ പ്രയോഗിക്കുന്നതായും പരാതിയുണ്ടായിരുന്നു. അതിലും കഴമ്പുണ്ടെന്നു പറയാതെവയ്യ. ഇപ്പോൾ ഇയാൾ വീടെന്നപേരിൽ പണിതുകൊണ്ടിരിക്കുന്ന കൊട്ടാരം കണ്ടാൽ പണ വിഷയത്തിലും പി.സി.ചെറിയാൻ ശരിയായ ദിശയിലല്ല പോകുന്നതെന്നു വ്യക്തമാകും.

പി.സി.ചെറിയാൻ ദുർന്നടപ്പുകാരനാണോ എന്നതാണ് മറ്റൊരു ചോദ്യം. ഒരു ടെന്നിസ്സി എപ്പിസോഡ് ഡിഫെൻഡറിനറിയാം. കൂടുതൽ വിവരങ്ങൾക്കും തെളിവുകൾക്കും വേണ്ടി ആ പ്രശ്നം തത്ക്കാലം മാറ്റിവയ്ക്കുന്നു. പക്ഷേ ദുർന്നടുപ്പുകാരും കള്ളൻമാരുമായ പെന്തക്കോസ്ത് നേതാക്കൻമാരുമായുള്ള പി.സി.ചെറിയാന്റെ ചങ്ങാത്തം ഡിഫെൻഡർ സംശയത്തോടെയാണ് കാണുന്നത്. ഇയാൾ ഡിഫെൻഡറിനു പണിയുണ്ടാക്കി വയ്ക്കുന്ന ലക്ഷണമുണ്ട് എന്നതിനു സംശയമില്ല.

# അവറാനു കോഴിക്കോട്ടും ഭാര്യ

കുപ്രസിദ്ധ ജനപ്രിയ വിഡ്ഢിയായ കെ.എ.ഏബ്രഹാമിനു കോഴിക്കോട്ടും ഒരു ഭാര്യയുണ്ട് എന്നു ഡിഫെൻഡർ നടത്തിയ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. തിരുവല്ലയിലുള്ള അസ്സൽ ഭാര്യയെ കൂടാതെയാണ് കോഴിക്കോട്ടുള്ള ഈ രണ്ടാം ഭാര്യ. ഔദ്യോഗികമായി വിവാഹം കഴിച്ചിട്ടില്ലെങ്കിലും ഈ നേഴ്സ് എല്ലാ അർത്ഥത്തിലും കെ.എ.ഏബ്രഹാമിനു ഭാര്യയാണ്.

ദൈവവചനമെന്ന പേരിൽ ശുദ്ധ വിവരക്കേടുകൾ പറയുന്നു എന്നതു മാത്രമാണ് കെ.എ.ഏബ്രഹാമിന്റെ പ്രശ്നമെന്ന ധാരണയാണു ഡിഫെൻഡറിന് ഉണ്ടായിരുന്നത്. അതുകൊണ്ട് ഈ വിഷയവുമായി ബന്ധപ്പെട്ടു മാത്രമാണ് ആദ്യ കാലങ്ങളിൽ ഡിഫെൻഡർ ഇയാളെ വിമർശിച്ചിരുന്നത്. പക്ഷേ ഇയാളുടെ ടീമിലെ ഗായകനായിരുന്ന വിനോദിന്റെ ആത്മഹത്യയേക്കുറിച്ച് ഡിഫെൻഡർ നടത്തിയ അന്വേഷണം ഞെട്ടിക്കുന്ന പല സത്യങ്ങളും പുറത്തുകൊണ്ടുവന്നു. പരമ പുണ്യാളനായി ഭാവിച്ചു നടക്കുന്ന കെ.എ.ഏബ്രഹാം ഒന്നാംതരം തട്ടിപ്പുകാരനാണെന്നു ഡിഫെൻഡറിനു മനസ്സിലായി. പണമുണ്ടാക്കാനായി ഏതു ഹീനമാർഗ്ഗവും സ്വീകരിക്കാൻ ഇയാൾക്കു



മടിയില്ല. ടീമിനെ പാടാൻ വിളിക്കുന്നവരോടു കണക്കുപറഞ്ഞ് അവറാൻ പണം വാങ്ങുമെങ്കിലും ടീമിലെ അംഗങ്ങൾക്കു വളരെ ചെറിയ ശമ്പളം മാത്രമാണു നൽകുന്നത്. അതോടൊപ്പം നിരന്തരമുള്ള അവഹേളനവും പീഡയും. എല്ലാം സഹിച്ചു നിന്നാലും കാരണം കൂടാതെ പിരിച്ചുവിടും. വിനോദിന്റെ കാര്യത്തിൽ സംഭവിച്ചത് ഇതാണ്. അതു വിനോദിനെ ആത്മഹത്യയിലേക്കു നയിച്ചു.

ഗായകസംഘത്തിലുള്ള സ്ത്രീകളുമായി കെ.എ.ഏബ്രഹാം അവിഹിതബന്ധം പുലർത്തുന്നതിനേക്കുറിച്ചും ഡിഫെൻഡറിനു വിവരം ലഭിച്ചിട്ടുണ്ട്. ഈ വിഷയത്തേക്കുറിച്ചു വിശദമായ റിപ്പോർട്ട് പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്.

വയനാട്ടിലുള്ള ഒരു ഗൾഫുകാരന്റെ ഭാര്യയെ കെ.എ.ഏബ്രഹാം വശീകരിക്കാൻ നടത്തിയ ശ്രമങ്ങളേക്കുറിച്ച് മുൻലക്കങ്ങളിൽ ഡിഫെൻഡർ വിശദമായ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. അതു നിഷേധിക്കാൻ അവറാനു ധൈര്യമുണ്ടായില്ല. നിഷേധിച്ചാൽ തെളിവു ഹാജരാക്കും എന്നു ഡിഫെൻഡർ വ്യക്തമാക്കിയിരുന്നു. അയൽവാസിയായ ഒരു സഹോദരിയുടെ ബുദ്ധിപൂർവ്വമായ ഇടപെടൽ മൂലമാണ് ഈ അവിഹിതബന്ധം തകർന്നത്.

കോഴിക്കോടു കേസ്സ് ഇതിലെല്ലാം ഗൗരവമുള്ളതാണ്. വടക്കൻ ജില്ലകളിൽ പ്രസംഗ പര്യടനം നടത്തുന്നതിനിടയിലാണ് അവറാൻ ഈ നേഴ്സുമായി പരിചയത്തിലായത്. പരിചയം വളർന്നു മറ്റു പലതുമായി. ഒടുവിൽ ഈ സ്ത്രീ അവറാന്റെ രണ്ടാം ഭാര്യയേപ്പോലെയായി. വടക്കൻ ജില്ലകളിൽ പര്യടനം നടത്തുമ്പോഴെല്ലാം കെ.എ.ഏബ്രഹാം ഈ സ്ത്രീയെ സന്ദർശിച്ചിരുന്നു. സമ്മാനപ്പൊതികളുമായാണ് അവറാൻ സന്ദർശനത്തിനെത്തിയിരുന്നതെന്നു ദൃക്സാക്ഷികൾ പറയുന്നു. ക്രമേണ ഈ ബന്ധം ഏറെക്കുറെ പരസ്യമാകുകയും ചെയ്തു. പലവിധത്തിലുള്ള കുടുംബപ്രശ്നങ്ങൾക്ക് ഈ കോഴിക്കോടൻ ബന്ധം കാരണമായി. എന്നിട്ടും അവറാൻ ഈ ബന്ധം തുടർന്നു.

ഒരിക്കൽ വയനാട്ടിലെ ഒരു പ്രമുഖ പട്ടണത്തിലെ കൺവൻഷൻ കഴിഞ്ഞ് അവറാൻ ഈ സ്ത്രീയോടൊപ്പം ഒരു മൈസൂർ യാത്ര നടത്തി. അത് ആ ദേശത്തുള്ള പല ദൈവദാസൻമാരും അറിഞ്ഞു. എങ്ങനെയെങ്കിലും ഈ ബന്ധം പൊളിച്ചില്ലെങ്കിൽ സകല പെന്തക്കോസ്തുകാർക്കും നാണക്കേടാകും എന്നു വ്യക്തമായതോടെ ചില ദൈവദാസൻമാർ പ്രശ്നപരിഹാരത്തിനുള്ള വഴി തേടി. അവറാനോടു പറഞ്ഞിട്ടു ഫലമില്ല എന്ന് അവർക്കറിയാമായിരുന്നു. അതുകൊണ്ട് നേഴ്സിനെ പിൻതിരിപ്പിക്കാനാണ് അവർ ശ്രമിച്ചത്. ആദ്യമൊന്നും നേഴ്സ് വഴങ്ങിയില്ലെങ്കിലും ദൈവദാസൻമാരുടെ നിരന്തരമായുള്ള ഇടപെടൽ മൂലം നേഴ്സ് ഈ അവിഹിത ബന്ധത്തിൽ നിന്നു പിൻമാറി. അവറാനുമായി ഇപ്പോൾ ഈ സ്ത്രീക്ക് ബന്ധമില്ല. പക്ഷേ അറ്റുപോയ ബന്ധം എങ്ങനെയെങ്കിലും പുന:സ്ഥാപിക്കാനുള്ള ശ്രമത്തിലാണ് ഇപ്പോൾ കെ.എ.ഏബ്രഹാം.

## പകൽക്കാലം

എന്നാലും അനുശോചനമില്ലാതെ ശവസംസ്ക്കാരം നടത്തിയല്ലോ..?
ങ്ഹാ! അനുശോചനത്തിന്റെ **ശവസംസ്ക്കാര**മങ്ങു നടത്തി.



ദി ഡിഫെൻഡർ
Vol. No.12 Issue No.12 2009 June 16

# ഭോഷ്ക്കിന്റെ പുത്രൻമാർ

പിശാച് ഭോഷ്ക്കു പറയുന്നവനും ഭോഷ്ക്കിന്റെ അപ്പനുമാണെന്നു ദൈവവചനം പറയുന്നു. ഭോഷ്ക്കു പറയുന്നവർ സാത്താന്റെ സന്തതികളുമാണ്. അങ്ങനെയെങ്കിൽ ഭോഷ്ക്കു പറയുന്നതു തൊഴിലാക്കിയ പെന്തക്കോസ്ത് നേതാക്കൻമാർ സാക്ഷാൽ ചെകുത്താന്റെ ദാസൻമാരാണെന്നതിനു സംശയമില്ല.

രക്ഷപ്പെടാൻ മറ്റൊരു വഴിയും കാണാതാകുമ്പോൾ കള്ളം പറയുന്നവരുണ്ട്. അതും തെറ്റാണെങ്കിലും ഒരളവോളമെങ്കിലും നീതീകരിക്കാവുന്നതാണ്. പക്ഷേ കള്ളം പറയേണ്ട ഒരാവശ്യവുമില്ലാത്തപ്പോഴും കള്ളം പറയുന്നവർ അല്പം പോലും ദയ അർഹിക്കുന്നില്ല. ഇല്ലാത്ത ഡിഗ്രികൾ ഉണ്ടെന്നു പറഞ്ഞു നടക്കുന്നവർ ഇക്കൂട്ടത്തിൽ പെടുന്നു.

സുവിശേഷപ്രസംഗം നടത്തുന്നതിനോ ഏതെങ്കിലും ആത്മീയ ശുശ്രൂഷ ചെയ്യുന്നതിനോ ഉയർന്ന വിദ്യാഭ്യാസ യോഗ്യത വേണമെന്നു നിർബ്ബന്ധമില്ല. പക്ഷേ ഡിഗ്രിയെ സംബന്ധിച്ചു കള്ളം പറയാതിരിക്കാൻ മിക്കവർക്കും കഴിയുന്നില്ല. സുരേഷ് ബാബുവിന്റെ ബി.ടെക് തന്നെ നല്ല ഉദാഹരണം. വെറും പത്താം ക്ലാസ്സുകാരനായ കെ.എ.ഏബ്രഹാം എം.എക്കാരനാണെന്ന് അവകാശപ്പെടുന്നതും ഭോഷ്ക്കു തന്നെ. ഇപ്പോഴിതാ ഒ.എം.രാജുക്കുട്ടിയും ഇവരുടെ നിലവാരത്തിലേക്കു തരംതാഴുന്നു. ഇയാൾക്ക് ഒരു ബി.എ എങ്കിലും ഉള്ളതാണ്. എം.എ ഇല്ലെങ്കിലും കുഴപ്പമൊന്നും വരാനുമില്ല. പക്ഷേ കള്ളം പറയാതിരിക്കാൻ ഇയാൾക്കും കഴിയുന്നില്ല.

പെന്തക്കോസ്തിലെ ചുമ്മാ ഡോകളുടെ കാര്യം വിശേഷിച്ചു പറയേണ്ടതില്ല. ഒരു ചുമ്മാഡോയെങ്കിലും ഇല്ലാത്തവർ ഏറെയില്ലെന്നു പറയാം. ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്നു പറയപ്പെടുന്ന ഐ.പി.സിയുടെ ജനറൽ പ്രസിഡന്റിനു ചുമ്മാഡോകൾ രണ്ടെണ്ണമുണ്ട്. അവയിൽ ഒന്ന് ഐ.പി.സിയുടെ ജനറൽ സെക്രട്ടറി കൊടുത്തതുമാണ്. പത്താം ക്ലാസ്സിൽ തോറ്റ ബാബു ജോർജിനുമുണ്ട് ഒരു ചുമ്മാഡോ. എന്തിനേറെ, മലയാളത്തിൽ ഒരു വാചകം തെറ്റുകൂടാതെ എഴുതാൻ അറിഞ്ഞുകൂടാത്ത പി.കെ.ജോൺസണും ഡോയാണ്.

ബൈബിൾ കോളേജ്, അനാഥശാല, വിവിധതരം മിനിസ്ട്രികൾ തുടങ്ങിയവയുടെ പേരു പറഞ്ഞ് സാധുക്കളെ കബളിപ്പിച്ചു പണം തട്ടുന്ന ഭോഷ്ക്കിന്റെ പുത്രൻമാർ പെന്തക്കോസ്തിൽ ഏറെയുണ്ട്. കള്ളപ്രവചനം, വ്യാജ രോഗശാന്തി തുടങ്ങിയവയുടെ കാര്യം പറയേണ്ടതുമില്ല. ചിലർ പണത്തിനു വേണ്ടി കള്ളം പറയുന്നു. മറ്റു ചിലർ പ്രശസ്തിക്കുവേണ്ടി ഭോഷ്ക്കിൽ ആശ്രയിക്കുന്നു. കാരണം എന്തുതന്നെ ആയാലും ഇലരെല്ലാം ഭോഷ്ക്കിന്റെ പുത്രൻമാരാണ്. ദൈവവുമായി ഇവർക്കു ബന്ധമൊന്നുമില്ല, ഉണ്ടാകാൻ കഴിയുന്നതുമല്ല.

# സത്യം സത്യമായി

വിട്ടാലും വിടാത്ത കമ്പിളിക്കെട്ട് എന്നതിനു പകരം ഇനി ലാവലിൻ എന്നു പറഞ്ഞാൽ മതിയാകും എന്നതാണു സ്ഥിതി. ഈ വള്ളിക്കെട്ടിൽ നിന്നു രക്ഷപ്പെടാൻ നമ്മുടെ സഖാവ് എന്തെല്ലാം അടവെടുത്തു! പക്ഷേ സകല കുതന്ത്രങ്ങളേയും പരാജയപ്പെടുത്തിക്കൊണ്ട് ഇതാ ലാവലിൻ വീണ്ടും ഉയിർത്തെഴുന്നേറ്റിരിക്കുന്നു. ഗവർണ്ണറുടെ അനുവാദംകൂടി ലഭിച്ചതോടെ സെക്രട്ടറി കോടതി കയറുമെന്ന് ഉറപ്പായി.

ആർക്കു ബാധ കയറിയാലും കോഴിയുടെ തലയാണു പോകുന്നത് എന്നു പറഞ്ഞതുപോലെ ഏതു പാർട്ടി കോപിച്ചാലും കഷ്ടപ്പെടുന്നതു ജനങ്ങളാണ്. കഴിഞ്ഞമാസം അഹിംസാ പാർട്ടി ഹർത്താൽ നടത്തി, മാലോകരെ തികച്ചും സമാധാനപരമായി ഓടിച്ചിട്ടു തല്ലി. സെക്രട്ടറിയെ പ്രോസിക്യൂട്ട് ചെയ്യാൻ ഗവർണ്ണർ അനുവദിച്ചപ്പോൾ വിപ്ലവപാർട്ടി ഹർത്താൽ വേണ്ടെന്നുവച്ച് കരിദിനം ആചരിച്ചു. പേര് എന്തുതന്നെ ആയാലും ജനത്തെ ഉപദ്രവിക്കാതെ പറ്റില്ലല്ലോ. അങ്ങനെ വിപ്ലവരക്തം സിരകളിലോടുന്നവരും അഴിഞ്ഞാടി. വിപ്ലവക്കാരുടെ അഴിഞ്ഞാട്ടത്തിനെതിരെ അഹിംസക്കാരുടെ വഹയായി ഒരു ഹർത്താൽ പ്രതീക്ഷിച്ചെങ്കിലും അതുണ്ടായില്ല. ഭാഗ്യം.

തുഗ്ലക് മോഡൽ ഭരണമാണ് കേരളത്തിൽ നടക്കുന്നത് എന്നു പറഞ്ഞാൽ ആരും പിണങ്ങരുത്. കാരണം, സംഗതി പരമസത്യമാണ്. സംശയമുള്ളവർ ഈയിടെ വിദ്യാഭ്യാസ വകുപ്പു നടത്തിയ ഭരണപരിഷ്ക്കാരം പാഠവിധേയമാക്കുക. അംഗീകാരമില്ലാതെ സംസ്ഥാനത്തു പ്രവർത്തിക്കുന്ന എല്ലാ സ്ക്കൂളുകളും പൂട്ടണമെന്നും ഇത്തരം സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ ജൂൺ 6ന് അകം അംഗീകൃത സ്ക്കൂളുകളിൽ അഡ്മിഷൻ എടുക്കണമെന്നുമായിരുന്നു രണ്ടാം മുണ്ടശ്ശേരിയുടെ കല്പന. അംഗീകാരമില്ലാത്ത സ്ക്കൂളുകൾ നടത്തുന്നവരുടെ മൂക്കു ചെത്തി ഉപ്പിലിടുമെന്നും പ്രഖ്യാപിച്ചിരുന്നു. തിരുവായ്ക്ക് എതിർവായ് ഇല്ലല്ലോ. അതുകൊണ്ട് നിരവധി കുട്ടികൾ ഈ കല്പന അനുസരിച്ചു. അതോടെ മാനേജ്മെന്റുകൾ മീശ പിരിക്കാൻ തുടങ്ങി. മുണ്ടശ്ശേരിയുടെ നരച്ച മീശ പേടികൊണ്ടു വിറച്ചു. അതോടെ ഉത്തരവു പിൻവലിച്ചു. അംഗീകൃത സ്ക്കൂളുകളിൽ അഡ്മിഷൻ നേടുകയും ഏതാനും ദിവസം പഠിക്കയും ചെയ്ത കുട്ടികളിപ്പോൾ എന്തു ചെയ്യണമെന്നറിയാതെ കുഴയുന്നു.

ജനതാദൾ ഇപ്പോൾ ഏതു മുന്നണിയിലാണ്? മൂന്നാം മുന്നണി തകരുന്നതിനു മുൻപു തന്നെ ഗൗഡാജി കോൺഗ്രസ്സിനെ അഭയം പ്രാപിച്ചിരുന്നു. ഒരു മന്ത്രിസ്ഥാനമായിരുന്നു ലക്ഷ്യം. പക്ഷേ മദാമ്മ കനിഞ്ഞില്ല. എങ്കിലും പിൻതുണ പിൻവലിച്ചില്ല. പിൻവലിച്ചാൽ കോൺഗ്രസ്സിന് ഒരു ചുക്കുമില്ല എന്നതുതന്നെ കാരണം. അങ്ങനെ കേന്ദ്രത്തിൽ കോൺഗ്രസ്സിനു ചുമ്മാ പിൻതുണ കൊടുക്കുന്നതുകൊണ്ട് കേരളത്തിലും കോൺഗ്രസ്സിനോടൊപ്പം നിൽക്കുകയാണു ബുദ്ധി. വീരനും കൂട്ടരും അതിനു തയ്യാറുമാണ്. പക്ഷേ ഗൗഡാജി സമ്മതം മൂളിയിട്ടില്ല. ഗൗഡ മൂളിയാലും ഞരങ്ങിയാലും ഇനി ഇടതുപക്ഷത്തേക്കില്ല എന്ന ഉറച്ച തീരുമാനത്തിലാണു വീരൻ. ബുദ്ധിമുട്ടിലായതു മിച്ചമുള്ള രണ്ടുപേരാണ്. അവർ ഇടതുപക്ഷത്തു പാറപോലെ ഉറച്ചു നിൽക്കും. അടുത്ത അസംബ്ലി തെരഞ്ഞെടുപ്പിൽ വീരമൃത്യു വരിക്കുകയും ചെയ്യും.

കേന്ദ്രത്തിൽ മന്ത്രിസഭാ വികസനം ഏറെക്കുറെ പൂർത്തിയായിക്കഴിഞ്ഞപ്പോൾ വഴിയാധാരമായ ചിലരുണ്ട്. ബീഹാറിലുള്ള എല്ലാ സ്റ്റേഷനുകളിലും ട്രെയിനുകൾക്കു സ്റ്റോപ്പ് അനുവദിക്കുക മാത്രമാണ് ഇന്ത്യൻ റെയിൽവെ ലാഭത്തിലാക്കാനുള്ള ഏക പോംവഴിയെന്നു തെളിയിച്ച ബുദ്ധിരാക്ഷസനാണ് ഇത്തവണ കസേര നഷ്ടമായവരിൽ പ്രമുഖൻ. ഇനി പഴയ കന്നുകാലി വളർത്തലിലേക്കു മടങ്ങാനാണ് കക്ഷിയുടെ പരിപാടിയെന്നറിയുന്നു. വാമഭാഗത്തിനു ചപ്പാത്തി പരത്തുകയും ചെയ്യാം. കൊലപാതകത്തിൽ റിക്കാഡ് നേട്ടമുണ്ടാക്കാൻ തയ്യാറെടുത്തെത്തിയ ഷിബു സോറന്റെ മോഹവും പൂവണിഞ്ഞില്ല. ഒരു വിധത്തിലുള്ള സമ്മർദ്ദ തന്ത്രവും ഇത്തവണ വിലപ്പോകുന്ന ലക്ഷണമില്ല. വെറുതെ ഒരു ഭാര്യ എന്നു പറഞ്ഞതുപോലെ വെറുതെ പിൻതുണ കൊടുത്ത കുമാരസ്വാമിയുടെ സ്വപ്നവും വാടിക്കരിഞ്ഞു. ഒരു സഹമന്ത്രിസ്ഥാനം പോലും കിട്ടിയില്ല. ദോഷം പറയരുതല്ലോ, ഇത്തവണത്തെ മന്ത്രിമാരിൽ ഭൂരിപക്ഷവും കഴിവുള്ളവർ തന്നെ. ഇവരൊക്കെ ചേർന്ന് നേരേ ചൊവ്വേ ഭരിക്കകൂടി ചെയ്താൽ സംഗതി ജോറാകും.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നത് ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം; ദൈവം അവനു ജീവനെ കൊടുക്കും; മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ; മരണത്തിനുള്ള പാപം ഉണ്ട്; അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല. ഏത് അനീതിയും പാപം ആകുന്നു; മരണത്തിനല്ലാത്ത പാപം ഉണ്ട് താനും. ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നും നാം അറിയുന്നു; ദൈവത്തിൽനിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ തൊടുന്നതുമില്ല. നാം ദൈവത്തിൽനിന്നുള്ളവർ എന്നു നാം അറിയുന്നു. സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു. (1യോഹ.5:16-19)

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**
*Please Visit:* **www.tsbalan.com**
**OR www.tsbalan.org**
ബൈബിൾ റേഡിയോ
**www.thebibleradio.com**
**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
**വിലാസം:**

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം.

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 96564 32921**

# ബഥേലിന്റെ വശീകരണതന്ത്രം



വ്യഭിചാരം ഉൾപ്പെടെയുള്ള സകല വൃത്തികേടുകളും കാട്ടിക്കൂട്ടുന്ന ബഥേൽ പി. ജേക്കബ് എങ്ങനെയാണ് ജനത്തെ കൂടെ നിർത്തുന്നതെന്ന് പലരും അത്ഭുതപ്പെടാറുണ്ട്. അല്പം ബുദ്ധിയുള്ള ആർക്കും വിജയകരമായി പ്രയോഗിക്കാവുന്ന മൂന്നു തന്ത്രങ്ങളാണ് ബഥേൽ പ്രയോഗിച്ചുവരുന്നത്.

1. സഭാംഗങ്ങളായ സ്ത്രീകളുമായി അവിഹിത ബന്ധം സ്ഥാപിക്കാൻ ശ്രമിക്കും. നിഷ്ക്കളങ്കമെന്നു തോന്നുന്ന വാക്കുകളും പെരുമാറ്റങ്ങളുമാണ് ആദ്യ പടിയായി ഉണ്ടാകുക. അതിനോട് എതിർപ്പു പ്രകടിപ്പിക്കാത്തവരോടു കൂടുതൽ അടുക്കും. ഒടുവിൽ അവരെ തന്റെ ദുഷ്ക്കാമത്തിന് ഇരയാക്കുകയും ചെയ്യും. ബഥേലുമായി അവിഹിതബന്ധമുള്ള സ്ത്രീകളും അവരുടെ ഭർത്താക്കൻമാരും ബഥേലിനെ വിട്ടു പോകുകയില്ല എന്നു തീർച്ച.

2. അവിഹിത ബന്ധത്തിനു വഴിപ്പെടാത്ത സ്ത്രീകളും ഉണ്ടാകും. അവരെ വെളിപ്പാടെന്ന തന്ത്രത്തിലൂടെയാകും ബഥേൽ കുരുക്കുക. കുടംബത്തിൽ എന്തെങ്കിലും പ്രശ്നങ്ങളോ പ്രതിബന്ധങ്ങളോ ഉണ്ടാകുമ്പോഴാണു ബഥേൽ വെളിപ്പാടുതന്ത്രം പുറത്തെടുക്കുക. വീട്ടമ്മയെ സ്വകാര്യമായി അടുത്തു കിട്ടുമ്പോൾ ബഥേൽ പറയും: ''നിങ്ങളുടെ ചെറുപ്പകാലത്തുണ്ടായ ചില കാര്യങ്ങൾ പരിശുദ്ധാത്മാവ് എന്നെ കാണിച്ചു. ആ തെറ്റുകൾ നിങ്ങൾ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ചാൽ മാത്രമേ പ്രശ്നങ്ങൾ തീരൂ.'' ഇതു കേൾക്കുന്നതോടെ ഏതു സ്ത്രീയും വിരണ്ടുപോകും. എല്ലാവരുടേയും ചെറുപ്പകാലത്ത് ചെറുതോ വലുതോ ആയ തെറ്റുകുറ്റങ്ങൾ ഉണ്ടാകാറുണ്ട്. ഇതാ പാസ്റ്റർ അതു വെളിപ്പാടിൽ കണ്ടിരിക്കുന്നു. ഇനി ഒളിച്ചു വച്ചിട്ടു കാര്യമില്ല. അങ്ങനെ ആ സ്ത്രീ എല്ലാം തുറന്നു പറയും. ഈ വിധത്തിൽ ലഭിക്കുന്ന അറിവുപയോഗിച്ച് ബഥേൽ അവരെ പിന്നീടു ബ്ലാക്മെയിൽ ചെയ്യും.

3. ബഥേലിനെ വിട്ടുപോയാൽ ദൈവകോപമുണ്ടാകും എന്നു പ്രചരിപ്പിക്കലാണ് മറ്റൊരു തന്ത്രം. ദൈവകോപം ഭയന്ന് ജനം എല്ലാം സഹിച്ച് കഴിഞ്ഞുകൂടും.

പക്ഷേ ഈ തന്ത്രങ്ങളിലൊന്നും വീഴാത്തവരുമുണ്ട്. അത്തരക്കാർ ബഥേലിന്റെ തട്ടിപ്പു തിരിച്ചറിയുന്നതോടെ സലാം പറഞ്ഞു പിരിയും.

# ഇദ്ദേഹമല്ലേ അദ്ദേഹം?

അഞ്ചുലക്ഷം രൂപയുടെ ചെക്കു വാങ്ങാതിരുന്ന ദൈവദാസനേക്കുറിച്ച് ഡിഫെൻഡറിന്റെ മുൻലക്കങ്ങളിൽ എഴുതിയിരുന്നല്ലോ. ഈ ദൈവദാസനിൽ നിന്ന് ഇതിനു സമാനമായ അനുഭവങ്ങളുണ്ടായ രണ്ടു പേർ ഇദ്ദേഹത്തിന്റെ പേര് പറയുകയും ചെയ്തു. എങ്കിലും ഈ ദൈവദാസന്റെ അഭ്യർത്ഥന മാനിച്ച് ഇദ്ദേഹത്തിന്റെ പേര് ഡിഫെൻഡർ വെളിപ്പെടുത്തിയില്ല.

ഈ വിഷയം വീണ്ടും പറയാൻ കാരണമുണ്ട്. ഏതാനും ദിവസം മുൻപ് കോട്ടയത്തുന്ന് ഒരാൾ ഡിഫെൻഡർ ഓഫീസിലേക്കു വിളിച്ചു. പണം വേണ്ടെന്നു പറഞ്ഞ ആളുടെ പേര് കൃത്യമായി പറയുകയും ചെയ്തു. എങ്ങനെയാണ് ഈ പേരു കണ്ടുപിടിച്ചതെന്ന ചോദ്യത്തിനു ലഭിച്ച മറുപടി ഇതാണ്: ''ഞാൻ കുറച്ചുകാലം ഇദ്ദേഹത്തോടൊപ്പം ദൈവവേല ചെയ്തിട്ടുണ്ട്. ആ അനുഭവം വച്ചു പറയുകയാണ്: പണം വേണ്ടെന്നു പറഞ്ഞെങ്കിൽ അത് ഈ ദൈവദാസനായിരിക്കും, തീർച്ച.''

# 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.

വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:

ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.

പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,**
**Perumbavoor P.O., Ernakulam Dist. Pin. 683542.**
**Phone: 0484-3232356. Mob: 96564 32921**

# ഉമ്മവീരൻ വീണ്ടും വന്നു

ഉമ്മവീരനായ മനു ചെറിയാൻ വീണ്ടും അമേരിക്കയിൽ വിലസുന്നു. വിവരദോഷികളായ പാസ്റ്റർമാർ ഈ കള്ളനെ സഭയിൽ വിളിച്ചുവരുത്തി പ്രവചിപ്പിക്കുന്നു. വായിൽ തോന്നിയതു കോതയ്ക്കു പാട്ട് എന്ന രീതിയിൽ ഈ വിദ്വാൻ പ്രവചനം പൊടിപൊടിക്കുന്നു.

ഈയിടെ മനു ന്യൂയോർക്കിൽ ഒരു പ്രവചനം നടത്തി. ഏകദേശം 55 വയസ്സുള്ള ഒരു സഹോദരിയോടായിരുന്നു പ്രവചനം: ''പതിനഞ്ചു വർഷം കൂടി കഴിയുമ്പോൾ നിങ്ങൾ മരിക്കും.''ഈ പ്രവചനം കേട്ടതോടെ സഹോദരി ഭയന്നു വിറച്ചു. ഊണും ഉറക്കവും ഇല്ലാതായി. മരിക്കാൻ 15 വർഷം കാത്തിരിക്കേണ്ടതായി വരില്ല എന്നതാണ് ഇപ്പോഴുള്ള സ്ഥിതി.

ഇത്തരം പ്രവചനങ്ങൾ നടത്തുന്നത് ഇയാളുടെ സ്ഥിരം പരിപാടിയാണ്. ഡാളസ്സിലുള്ള ഒരാളോടു മനു പ്രവചിച്ചത് ഇങ്ങനെയാണ്: ''നിങ്ങളുടെ വസ്തുവകകളെല്ലാം നഷ്ടമാകും. നിങ്ങൾ തമിഴ്നാട്ടിലൂടെ തെണ്ടി നടക്കും.'' ഡാളസ്സിലുള്ള വ്യക്തി തെണ്ടാൻ തമിഴ്നാട്ടിൽ എന്തിനു പോകണം എന്നു ചോദിക്കരുത്.

മറ്റൊരു മണ്ഡലത്തിൽ നിന്നാണ് താൻ ഈ പ്രവചനങ്ങൾ നടത്തുന്നത് എന്നാണ് മനുവിന്റെ അവകാശവാദം. വളരെ ലളിതമായി പരിഹരിക്കാവുന്ന പ്രശ്നമാണിത്. മൂക്കും മുഞ്ഞിയും അടച്ച് ഒരു പോടുകൊടുക്കുക. അതോടെ മനു മറ്റുള്ള മണ്ഡലങ്ങളെല്ലാം വിട്ട് ഈ ഭൂമിയിൽ തിരിച്ചെത്തും.

# ചവറിൽ ആരതിയും

ദീപം കൊളുത്തി വിഗ്രഹത്തിനു ചുറ്റും ഒഴിയുന്നതിനാണ് ആരതി എന്നു പറയുന്നത്. ദൈവസഭയിൽ വിഗ്രഹമില്ല, വിഗ്രഹാരാധനയുമില്ല. അതുകൊണ്ട് ആരതി ഉഴിയാനുമാവില്ല. പക്ഷേ ചവറിൽ ഈയിടെ കേട്ട ഒരു പാട്ടിൽ ദീപമുണ്ട്, ആരതിയുമുണ്ട്.

ഏതോ ഒരു വിദ്വാൻ പാടുകയാണ്. ദൈവമേ, ഞങ്ങൾ ഇതാ ദീപങ്ങൾ കത്തിച്ചുവച്ച് നിന്നെ ആരാധിക്കുന്നു, ആരതി ഉഴിയുന്നു എന്നൊക്കെയാണ് പാട്ടിന്റെ വരികൾ. ഇതു വിഗ്രഹാരാധനയല്ലെങ്കിൽ പിന്നെ എന്താണ്? എവിടെയാണ് ദീപം കത്തിച്ചുവച്ചത്? എന്തിനാണു ദീപം? വെട്ടം കാണാനാണോ? അല്ലെന്ന് അവിടെത്തന്നെ പറയുന്നുണ്ടല്ലോ. ദീപം കത്തിച്ച് ആരതി ഉഴിയുകയാണ്.

എതിർക്കാൻ തക്ക ഗൗരവമുള്ള വിഷയമാണോ എതെന്നു ചിലർക്കെങ്കിലും സംശയം തോന്നാം. അന്യദൈവാരാധനയാണ് ഏറ്റവും വലിയ പാപമെന്ന് ബൈബിൾ വ്യക്തമാക്കുന്നു. ആരതി ഉഴിഞ്ഞുള്ള ആരാധന വിഗ്രഹാരാധനയുടെ മാത്രം ഭാഗമാണ്, ദൈവസഭയിൽ ഇത്തരമൊരു ആരാധനയില്ല. അങ്ങനെയെങ്കിൽ ചവർ ചാനലിൽ നടന്നത് അന്യദൈവാരാധനയാണ്. ഇതു കൊടിയ പാപമല്ലെങ്കിൽ പിന്നെ എന്താണ്?

# അടങ്ങിയിരിക്കൂ അച്ചായാ

പെന്തക്കോസ്തിലെ ദേശാഭിമാനിയാണ് ക്രൈസ്തവചിന്ത. ഈ വസ്തുത ക്രൈസ്തവചിന്തപോലും സമ്മതിക്കും. പെന്തക്കോസ്തുകാർ സജീവ രാഷ്ട്രീയത്തിൽ ഇറങ്ങണം എന്ന നിലപാടാണ് ക്രൈസ്തവചിന്തയ്ക്കുള്ളത്. അതു ശരിയായ നിലപാടാണോ എന്നത് ഒരു തർക്കവിഷയമാണ്. തിരുവചന വെളിച്ചത്തിൽ ഈ വിഷയം പഠനവിധേയമാക്കുന്നതിൽ തെറ്റില്ല. പക്ഷേ റാന്നി അച്ചായൻ എന്ന വിദ്വാൻ വിശ്വാസികൾ രാഷ്ട്രീയത്തിൽ ഇറങ്ങണം എന്നു സ്ഥാപിക്കാൻ നിരത്തുന്ന ന്യായം കേൾക്കൂ: ''രണ്ടു പ്രാവശ്യം (1991, 2006) കേരള അസംബ്ലിയിലേക്ക് കല്ലൂപ്പാറയിൽ നിന്നും ആറന്മുളയിൽ നിന്നും മത്സരിച്ച വ്യക്തിയാണു ഞാൻ.'' വിശ്വാസികൾ രാഷ്ട്രീയത്തിൽ ഇറങ്ങണം എന്നതിന് ഇതിൽ കൂടുതൽ എന്തു ന്യായമാണു വേണ്ടത്. പെന്തക്കോസ്തുകാരുടെ പ്രതീകമാണ് അച്ചായൻ. അതു കൊണ്ട് അച്ചായൻ കാട്ടിക്കൂട്ടുന്നതെല്ലാം മറ്റു പെന്തക്കോസ്തുകാർക്കും അനുകരിക്കാം. കൊള്ളാമല്ലോ.

അറിയാനുള്ള ആഗ്രഹംകൊണ്ടു ചോദിക്കയാണ്: കല്ലൂപ്പാറയിലും ആറൻമുളയിലും അച്ചായന് എത്ര വോട്ടു കിട്ടി? കെട്ടിവച്ച കാശെങ്കിലും തിരികെ കിട്ടിയോ? നാണമില്ലാത്തവന് എന്തും തണലായി തോന്നാം. അതുകൊണ്ട് തെരഞ്ഞെടുപ്പിൽ മത്സരിച്ച കഥ പറഞ്ഞ് അച്ചായൻ അഭിമാനിച്ചു കൊള്ളൂ. പക്ഷേ വീണ്ടും ജനനം പ്രാപിച്ച വിശ്വാസികളെ ഇത്തരം വേണ്ടാതീനങ്ങളിലേക്കു വലിച്ചിഴയ്ക്കരുത്.

''റാന്നി അച്ചായൻ, സ്പോർട്ട്സ്മാൻ കം സോഷ്യൽ വർക്കർ'' എന്നാണ് ഈ ശുംഭൻ സ്വയം പരിചയപ്പെടുത്തിയിരിക്കുന്നത്. മകളേപ്പോലെ കണക്കാക്കേണ്ട സ്ത്രീയോട് അച്ചായൻ അബുദാബിയിൽ വച്ചു കാട്ടിക്കൂട്ടിയ വിക്രിയകൾ മെയ് 1 ലക്കം ഡിഫെൻഡറിൽ വിവരിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ഇത്തരത്തിലാണ് അച്ചായന്റെ സ്പോർട്ട്സും സോഷ്യൽ വർക്കും. ഇവനേപ്പോലുള്ളവർ എഴുതി അയയ്ക്കുന്നതു പത്രത്തിൽ പ്രസിദ്ധീകരിക്കാതിരിക്കാൻ പത്രാധിപൻമാർ ശ്രദ്ധിക്കണം.

# തോമ്മായ്ക്കു മതിയായി

കള്ളുതോമ്മായ്ക്കു മതിയായെന്നു തോന്നുന്നു. ബാലനെ ഭീഷണിപ്പെടുത്തി ഒതുക്കാം എന്ന മോഹം വാടിക്കരിഞ്ഞിരിക്കുന്നു. കഴിഞ്ഞ ഒരു മാസമായി തോമ്മായുടെ ഭീഷണിയില്ല. 'സുജ ഞങ്ങടെ ജീവനാണ്' എന്നു പറഞ്ഞു കാട്ടാക്കടയിൽ നിന്നു വിളിച്ചവനും ഇപ്പോൾ മിണ്ടുന്നില്ല. അവന്റെ ജീവൻ പോയെന്നു തോന്നുന്നു.

മോനച്ചൻ പ്രവാചകന്റെ അനുജനായ ഷാജിയുടെ ഭാര്യയാണ് കള്ളുതോമ്മായുടെ മകളായ സുജ. ഷാജി ചെറുപ്പത്തിൽ 150 രൂപയും ബക്കറ്റും വാങ്ങിയതുകൊണ്ട് സുജ അനപത്യദു:ഖം അനുഭവിക്കേണ്ടതായിവന്നു. സുജയുടെ ഈ ദു:ഖം അകറ്റുകയും സന്താന സൗഭാഗ്യം നൽകി സുജയെ ധന്യയാക്കുകയും ചെയ്തത് മോനച്ചൻ പ്രവാചകനാണ്. മോനച്ചന്റെ കൊഞ്ഞ ഉൾപ്പെടെയുള്ള സകല ലക്ഷണവും ഈ പുത്രനു ലഭിക്കയും ചെയ്തു. മോനച്ചന്റെ വിക്രിയകളേക്കുറിച്ച് എഴുതിയപ്പോൾ ഈ സംഭവവും ഡിഫെൻഡർ എഴുതി. അതോടെ കള്ളുതോമ്മാ കോപിച്ചു. ഭീഷണിപ്പെടുത്തി ബാലന്റെ വായടയ്ക്കാം എന്നാണു തോമ്മാ കരുതിയത്. പക്ഷേ വെളുക്കാൻ തേച്ചതു പാണ്ടായി. ഭീഷണി വന്നതോടെ ഡിഫെൻഡർ പൂർവ്വാധികം ശക്തിയായി എഴുതി. ഭീഷണി നിർത്തുന്നതുവരെ എഴുതുമെന്നു പ്രഖ്യാപിക്കുകയും ചെയ്തു. അതോടെ തോമ്മാ വായടച്ചു. ഭീഷണി നിർത്തി. അതു കൊണ്ട് ഡിഫെൻഡർ ഈ വിഷയം തല്ക്കാലത്തേക്കു വിടുകയാണ്. ഇനി എന്നെങ്കിലും തോമ്മായിൽ നിന്നു ഭീഷണിയുണ്ടായാൽ എഴുത്തു പുനരാരംഭിക്കും.



# പെന്തക്കോസ്ത് ബാബിലോണിലേക്ക്

ജൂൺ ലക്കം ക്രൈസ്തവചിന്തയുടെ അവസാന പേജിൽ ''യേശുവിന്റെ ചിത്രപ്രദർശനം അസംബ്ലീസ് ഓഫ് ഗോഡിന്റെ സ്ഥിരം പരിപാടി'' എന്ന തലക്കെട്ടിൽ കൊടുത്തിരുന്ന കുറിപ്പാണ് ഈ പ്രതികരണത്തിന് ആധാരം. എ.ജിയുടെ 2009ലെ കലണ്ടറിൽ യേശു ക്രൂശിൽ കിടക്കുന്ന ചിത്രം ഉൾപ്പെടുത്തിയതാണ് പ്രശ്നത്തിന് ആധാരം.

സമുദായക്കാർ വിഗ്രഹാരാധനയ്ക്കായി ഉപയോഗിക്കുന്ന ചിത്രം അതേപടി എ.ജിയുടെ കലണ്ടറിൽ പ്രസിദ്ധീകരിച്ചതിനു വിശദീകരണം ആവശ്യപ്പെടുകയാണു ക്രൈസ്തവചിന്ത. പക്ഷേ ക്രൈസ്തചിന്ത ഉൾപ്പെടെയുള്ള എല്ലാ പത്രക്കാരും ഒരു കാര്യം മനസ്സിലാക്കണം: പെന്തക്കോസ്ത് നേതാക്കൻമാർക്കു തെറ്റുപറ്റുകയില്ല. കാരണം, അവർ യഹോവയുടെ അഭിഷിക്തൻമാരാണ്. അഥവാ അവർക്കു തെറ്റു പറ്റിയാലും അതിനെതിരെ പ്രതികരിക്കാൻ ആർക്കും അവകാശമില്ല. അവർ ദൈവത്തോടു മാത്രം കണക്കു കൊടുക്കേണ്ടവരാണ്. അഭിഷിക്തൻമാർക്കെതിരെ ശബ്ദമുയർത്തുന്നതു ചാവുദോഷമാണ്.

പ്രിയ സഹോദരങ്ങളേ, അഭിഷിക്തൻമാരാണെന്നും തെറ്റു പറ്റാത്തവരാണെന്നും മറ്റും വീമ്പിളക്കി നടക്കുന്ന ഈ പെന്തക്കോസ്ത് നേതാക്കൻമാരിൽ ഭൂരിപക്ഷവും ഇന്നു സാത്താന്റെ പിടിയിലാണ്. ഇവർക്കു ദൈവവുമായി ഒരു ബന്ധവുമില്ല. ദൈവമക്കളെ സാത്താന് അടിയറവയ്ക്കുകയാണ് ഇവരുടെ ലക്ഷ്യം.

വിഗ്രഹാരാധനയെ മാത്രമല്ല വിഗ്രഹങ്ങളേയും പെന്തക്കോസ്തുകാർ വർജ്ജിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. പക്ഷേ ഇന്ന് അതല്ല സ്ഥിതി. വിവിധ രൂപത്തിലും ഭാവത്തിലും വിഗ്രഹങ്ങൾ പെന്തക്കോസ്തിൽ കടന്നുകൂടിക്കഴിഞ്ഞു. അതിനു വഴിവച്ചത് പെന്തക്കോസ്ത് നേതാക്കൻമാർ തന്നെ. എ.ജിയുടെ കലണ്ടറിൽ കണ്ടത് ഒരു ഉദാഹരണം മാത്രം.

ദൈവജനത്തെ വിഗ്രഹാരാധനയിലേക്കു നയിക്കുന്നതിന് സാത്താൻ ഇപ്പോൾ ഉപയോഗിച്ചു വരുന്ന ഒരു മാധ്യമമാണ് ചവർ ചാനൽ. കുരിശും പള്ളിയും അൾത്താരയും മെഴുകുതിരിയും എല്ലാം ചവറിൽ സ്ഥിരമായി കാണാം. അച്ചൻമാർ എഴുതിയ പാട്ടുകൾ വിഗ്രഹങ്ങളുടെ മുൻപിൽ നിന്നു പാടുന്നു. മെഴുകുതിരി കത്തിക്കുന്നു. 'ആരതി അർപ്പിക്കുന്നു' എന്ന് ഒരു ഗാനത്തിൽ തുറന്നു പറയുകപോലും ചെയ്യുന്നു. രക്ഷ എന്നാൽ എന്ത് എന്നുപോലും അറിയാത്ത ഗായകരാണ് ഇതൊക്കെ പാടുന്നത്. മഹതിയാം ബാബിലോൺ എന്ന പുസ്തകമെഴുതിയ കെ.ഇ.ഏബ്രഹാം ഇരുന്ന കസേരയിൽ ഇപ്പോൾ ഇരിക്കുന്ന കെ.സി.ജോണാണ് ഈ തോന്ന്യാസങ്ങളൊക്കെ കാണിക്കുന്നത്. ആരും പ്രതികരിക്കുന്നുമില്ല.

കെ.ഇ.ഏബ്രഹാമിന്റെ കൊച്ചുമോനായ വൽസനും ഈ വിഷയത്തിൽ മോശമല്ല. ക്രിസ്തുമസ്സ് കാലത്ത് മാസിക ഇറക്കുമ്പോൾ ക്രിസ്തുമസ്സുമായി ബന്ധപ്പെട്ട ലേഖനമുണ്ടായിരിക്കും. ഈസ്റ്റർ കാലത്ത് ഈസ്റ്ററിന്റെ മഹത്വവും വർണ്ണിക്കും. സ്വന്തം വെബ്സൈറ്റിലൂടെ ഇന്ത്യയ്ക്കുവേണ്ടി ക്രിസ്തുമസ്സ് സമ്മാനം ചോദിക്കാനും വൽസൻ മടിക്കുന്നില്ല. വല്ല്യപ്പൻ പൊളിച്ചതു കൊച്ചുമോൻ പണിയുന്നു.

മിക്ക പെന്തക്കോസ്ത് പ്രസ്ഥാനങ്ങളുടേയും എംബ്ലത്തിൽ കുരിശുണ്ട്. കുരിശ് എന്നതു തമ്മൂസ് ദേവന്റെ പ്രതീകമാണ് എന്നു വിവരമുള്ള പെന്തക്കോസ്തുകാർക്കറിയാം. കെ.ഇ.ഏബ്രഹാം ഇതു വ്യക്തമായി പറഞ്ഞിട്ടുമുണ്ട്. പക്ഷേ പെന്തക്കോസ്ത് സഭാഹാളുകളുടെ മുകളിൽ വരെ കുരിശ് സ്ഥാനം പിടിച്ചുകഴിഞ്ഞു. ഇനി കുറെ വിഗ്രഹങ്ങൾ കൂടി ആയാൽ എല്ലാം തികഞ്ഞു.

സമുദായക്കാരുടെ മിക്ക ആചാരങ്ങളും ഇപ്പോൾ പെന്തക്കോസ്തിലുണ്ട്. മാമ്മോദീസായ്ക്കു പകരം ശിശുപ്രതിഷ്ഠ. പട്ടംകൊടുക്കലിനു പകരമായി ഓർഡിനേഷൻ ശുശ്രൂഷ. പെരുന്നാളിനു പകരം കൺവൻഷൻ. പന്തലിനു കാൽനാട്ടുന്നത് 'കാൽനാട്ടു കർമ്മം' എന്ന ശുശ്രൂഷയാണ്. അച്ചനു പകരം പാസ്റ്റർ. കൈക്കാരനും സെക്രട്ടറിയും ഒന്നുതന്നെ. പെന്തക്കോസ്തിലെ ബിഷപ്പാണു സെന്റർ പാസ്റ്റർ. കേന്ദ്രത്തിലെ നേതാക്കൻമാർ ആർച്ച് വെഷപ്പുമാരും പോപ്പും മറ്റുമാണ്. എന്തിനേറെ, വിവാഹവും ശവസംസ്ക്കാരവും വരെ സമുദായത്തിൽ നിന്നു കോപ്പിയടിച്ചിരിക്കുന്നു.

ഇന്നത്തെ പെന്തക്കോസ്തും ഇതര ക്രൈസ്തവ സമുദായങ്ങളും തമ്മിൽ എന്താണു വ്യത്യാസം? പെന്തക്കോസ്തിലുള്ളത്ര കള്ളൻമാർ ഇതര സമുദായങ്ങളിലില്ല എന്നതാണു പ്രധാന വ്യത്യാസം. സംശയമുള്ളവർ ഒരു ഗവേഷണം നടത്തി നോക്കൂ.

ഏറ്റവും അധികം കള്ളപ്രവാചകൻമാരുള്ളത് ഏതു പ്രസ്ഥാനത്തിൽ? സംശയം വേണ്ട, പെന്തക്കോസ്തിൽ. വാളെടുത്തവനെല്ലാം വെളിച്ചപ്പാട് എന്നു പറഞ്ഞതുപോലെ ഏതവനും ശുശ്രൂഷകനാകാൻ കഴിയുന്നതെവിടെ? പെന്തക്കോസ്തിൽ. ഏറ്റവും അധികം ചുമ്മാഡോകളും ഇതര വ്യാജ ഡിഗ്രിക്കാരും ഉള്ളതെവിടെ? ഏതവനും റവയാകാൻ കഴിയുന്നതെവിടെ? ഏറ്റവും അധികം വ്യഭിചാരികളുള്ളതെവിടെ? എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ഒന്നുതന്നെ. പെന്തക്കോസ്തിൽ.

പെന്തക്കോസ്തിലല്ലാതെ ഏതെങ്കിലും ക്രൈസ്തവ സമുദായത്തിൽ ഇത്രത്തോളം വ്യാജ ബൈബിൾ കോളേജുകളുണ്ടോ? അനാഥശാലകളുടെ മറവിൽ ഇത്രയധികം തട്ടിപ്പ് മറ്റെവിടെയെങ്കിലും നടക്കുന്നുണ്ടോ? ആർക്കും എന്തും ആകാം എന്ന സ്ഥിതി മറ്റേതെങ്കിലും ക്രൈസ്തവ വിഭാഗത്തിലുണ്ടോ? ഇല്ലെന്നു വ്യക്തം.

ഉള്ളതു പറയുമ്പോൾ കള്ളിക്കു തുള്ളലിളകും എന്നു പറഞ്ഞതുപോലെയാണു പെന്തക്കോസ്തിലെ കാര്യം. സത്യം തുറന്നുപറയാൻ ധൈര്യം കാണിക്കുന്നവനെ സകല പെന്തക്കോസ്തുകാരും ചേർന്ന് ആക്രമിക്കും. മഹാപാപിയായി മുദ്രയടിച്ച് നരകത്തിലേക്കു പറഞ്ഞുവിടും. അതുകൊണ്ടു സത്യം പറയാൻ മിക്കവരും ധൈര്യപ്പെടുന്നില്ല. പക്ഷേ ഡിഫെൻഡറിനു സത്യം പറയാനുള്ള ധൈര്യമുണ്ട്. അതുകൊണ്ടു പറയട്ടെ, പെന്തക്കോസ്ത് സാത്താന്റെ പിടിയിലാണ്.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ''എന്റെ ഈ ഏറ്റവും ചെറിയ സഹോദരൻമാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു'' (മത്താ.25:40) എന്ന വാക്യം ജീവകാരുണ്യ പ്രവർത്തനവുമായി ബന്ധപ്പെട്ട് സാധാരണയായി ഉദ്ധരിച്ചു കേൾക്കാറുണ്ട്. ഇതു ശരിയായ വ്യാഖ്യാനമാണോ?

■ ''ഇതാ വരുന്നൂ അനുഗ്രഹം'' എന്ന പ്രസംഗം പൊടിപൊടിക്കുന്ന ഈ കാലത്ത് ഇത്തരം ഒരു സംശയം ചോദിക്കാൻ തോന്നിയതുതന്നെ അത്ഭുതം. ദൈവവചനം ആഴത്തിൽ പഠിക്കാൻ മിക്ക പ്രസംഗകർക്കും താല്പര്യമില്ലാതായിരിക്കുന്നു. അതിന്റെ ആവശ്യമുണ്ടെന്ന് അവർക്കു തോന്നുന്നുമില്ല. ഭൗതീക അനുഗ്രഹങ്ങൾ നൽകുന്ന ഒരു രക്ഷകനേക്കുറിച്ചു പ്രസംഗിക്കാൻ ദൈവവചനം പഠിച്ചേ മതിയാകൂ എന്നുമില്ലല്ലോ.

ഈ സംഭവം എപ്പോൾ നടക്കുന്നതാണ്? അതിനുള്ള ഉത്തരം 31-ാം വാക്യത്തിലുണ്ട്: ''മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധദൂതൻമാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും.'' അതിനുശേഷം നടക്കുന്ന സംഭവങ്ങളാണ് തുടർന്നു വിവരിക്കുന്നത്. ഈ സംഭവം നടക്കുന്നത് എപ്പോഴാണ്? അന്ത്യ ന്യായവിധി നടക്കുമ്പോൾ എന്നു തോന്നാം. പക്ഷേ അതു ശരിയല്ല എന്നു തുടർന്നുള്ള ഭാഗങ്ങൾ തെളിയിക്കുന്നു. വലത്തുള്ളവരോട് കർത്താവു പറയുന്നു: ''രാജാവ് തന്റെ വലത്തുള്ളവരോട് അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനംമുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊള്ളുവിൻ.'' സംസാരിക്കുന്നതു രാജാവാണ്. വലത്തുള്ളവർക്കു ലഭിക്കുന്നതു രാജ്യവുമാണ്. ആയിരമാണ്ടു വാഴ്ചയ്ക്കു മുൻപു നടക്കുന്ന കാര്യമാണിത് എന്ന് ഈ വസ്തുതകൾ തെളിയിക്കുന്നു. അന്ത്യന്യായവിധി നടക്കുന്നത് ആയിരമാണ്ടു വാഴ്ചയ്ക്കു ശേഷമാണ്.

അങ്ങനെയെങ്കിൽ ഈ സംഭവം ഏതാണ്? അതറിയണമെങ്കിൽ യോവേൽ മൂന്നാം അദ്ധ്യായം നോക്കണം. ''ഞാൻ യെഹൂദയുടെയും യെരൂശലേമിന്റെയും സ്ഥിതി മാറ്റുവാനുള്ള നാളുകളിലും കാലത്തിലും, ഞാൻ സകല ജാതികളെയും കൂട്ടി യഹോശാഫാത്ത് താഴ്വരയിൽ ചെല്ലുമാറാക്കുകയും എന്റെ ജനം നിമിത്തവും എന്റെ അവകാശമായ യിസ്രായേൽ നിമിത്തവും അവരോടു വ്യവഹരിക്കുകയും ചെയ്യും; അവർ അവരെ ജാതികളുടെ ഇടയിൽ ചിതറിച്ച് എന്റെ ദേശത്തെ വിഭാഗിച്ചുകളഞ്ഞുവല്ലോ.'' എതിർക്രിസ്തുവിന്റെ ഭരണകാലത്തു പാലസ്റ്റീൻ നാടിനു ചുറ്റുമുള്ള ജാതികൾ യിസ്രായേൽ ജനത്തോട് ഏതു വിധത്തിൽ പ്രവർത്തിച്ചു എന്നതിനെ ആധാരമാക്കി ആ ജാതികൾക്കു നൽകുന്ന ന്യായവിധിയാണിത്. യിസ്രായേല്യരെ സഹായിച്ചവർക്കു സഹസ്രാബ്ദവാഴ്ചയിലേക്കു കടക്കാനുള്ള അനുവാദം നൽകും. അതുകൊണ്ടാണു രാജ്യത്തിലേക്കു കടക്കാൻ പറയുന്നത്.

''എന്റെ ഈ ഏറ്റവും എളിയ സഹോദരൻമാരിൽ ഒരുത്തനു ചെയ്തത്'' എന്നു കർത്താവു പറയുന്നത് യിസ്രായേല്യരേക്കുറിച്ചാണ്. രക്തബന്ധം വച്ചു പറയുമ്പോൾ യിസ്രായേല്യർ യേശുവിന്റെ സഹോദരൻമാരാണല്ലോ.

സഹസ്രാബ്ദവാഴ്ചയിൽ വിശ്വാസമില്ലാത്ത കത്തോലിക്കർ ഈ ഭാഗം ദുർവ്യാഖ്യാനം ചെയ്ത് അന്ത്യന്യായവിധിയാക്കി. ദൈവവചനം പഠിക്കാത്തവരെല്ലാം അതേറ്റുപാടി. അങ്ങനെ ഈ ദുർവ്യാഖ്യാനത്തിനു സ്വീകാര്യത ലഭിച്ചു. സാധുക്കളെ സഹായിച്ചാൽ ദൈവരാജ്യത്തിൽ പ്രവേശനം ലഭിക്കും എന്നൊരു തെറ്റിദ്ധാരണ പരത്താൻ ഈ ദുർവ്യാഖ്യാനത്തിനു കഴിഞ്ഞു. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന നിരവധി ആളുകൾ തങ്ങളുടെ പ്രവൃത്തിയിലൂടെ നിത്യജീവൻ പ്രാപിക്കും എന്നു കരുതുന്നതും ഈ ദുർവ്യാഖ്യാനത്തിന്റെ ബലത്തിലാണ്.

പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷത്തിനും ഈ വസ്തുതകളൊന്നും അറിഞ്ഞുകൂടാ എന്നതും ഗൗരവമുള്ള പ്രശ്നമാണ്. ദേവസ്യ മുല്ലക്കര ഈ വേദഭാഗം സ്ഥിരമായി ദുർവ്യാഖ്യാനം ചെയ്തുവരുന്നു. അദ്ദേഹത്തിന്റെ ചുമതലയിൽ നടന്നുവരുന്ന വൃദ്ധസദനങ്ങൾക്കു ഫണ്ടു പിരിക്കുന്നത് ഈ ദുർവ്യാഖ്യാനത്തിന്റെ ബലത്തിലാണ്.

രക്ഷ എന്നതു ദൈവത്തിന്റെ ദാനമാണ്. യേശുവിലുള്ള വിശ്വാസത്താൽ തികച്ചും സൗജന്യമായി ലഭിക്കുന്നതാണു രക്ഷ. ഒരു വിധത്തിലുള്ള പ്രവൃത്തിയും രക്ഷക്കു കാരണമാകുന്നില്ല. രക്ഷിക്കപ്പെട്ടവർ സൽപ്രവൃത്തികൾ ചെയ്യണം. കാരണം, സൽപ്രവൃത്തികൾക്കായിട്ടത്രേ അവർ വീണ്ടും ജനിച്ചിരിക്കുന്നത്. പക്ഷേ സൽപ്രവൃത്തികൾ ചെയ്യുന്നതു രക്ഷിക്കപ്പെടാനല്ല, രക്ഷിക്കപ്പെട്ടതുകൊണ്ടാണ്. രക്ഷിക്കപ്പെട്ടവർ ചെയ്യുന്ന സൽപ്രവൃത്തികൾക്കു പ്രതിഫലം കിട്ടുമെന്നതു ശരിതന്നെ. പക്ഷേ പ്രവൃത്തികൾ രക്ഷക്കു കാരണമാകുന്നില്ല.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9656432921 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/ സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# കെ.സി.ജോൺ പിണ്ണാക്കിൽ പങ്കെടുക്കുമെന്നും ഇല്ലെന്നും



കെ.സി.ജോൺ പിണ്ണാക്കു സമ്മേളനത്തിൽ പങ്കെടുക്കുമോ? പങ്കെടുക്കുമെന്നും ഇല്ലെന്നും വാർത്തയുണ്ട്. ഏതായാലും പ്രസംഗകരുടെ പട്ടികയിൽ കെ.സി.ജോണിന്റെ പേരുണ്ട്.

ഐ.പി.സിയുടെ ജനറൽ പ്രസിഡന്റും അഗ്നിനാവുള്ള പ്രസംഗകനുമൊക്കെയാണു കെ.സി.ജോൺ എന്നതു ശരിതന്നെ. പക്ഷേ അമേരിക്കയിലുള്ള ഭൂരിപക്ഷം പെന്തക്കോസ്തുകാരും ഡിഫെൻഡർ വായിക്കുന്നവരാണ്. സ്വന്തം അമ്മായിയമ്മയെ വരെ ഭാര്യയാക്കിയവനാണ് ഈ നീചൻ എന്ന് അമേരിക്കയിലുള്ളവർ അറിയാൻ ഇടയായത് ഡിഫെൻഡറിലൂടെയാണ്. ഡിഫെൻഡർ പറയുന്നതൊക്കെ കള്ളമാണെന്നു കെ.സി.ജോൺ പറയുന്നുണ്ടെങ്കിലും അതൊന്നും അമേരിക്കൻ മലയാളികൾ വിശ്വസിക്കുന്നില്ല. അതിന്റെ ഫലം കഴിഞ്ഞ പിണ്ണാക്കു സമ്മേളനത്തിൽ ഉണ്ടാകുകയും ചെയ്തു. കഷ്ടിച്ച് 20 മിനിട്ടാണ് കെ.സി.ജോണിനു പ്രസംഗിക്കാൻ കിട്ടിയത്. ആ സമയപരിധി ലംഘിച്ച് അധികപ്രസംഗം നടത്താൻ തുനിഞ്ഞപ്പോൾ കെ.സി.ജോണിനെ പിടിച്ചിരുത്താനും ആളുണ്ടായി. ആകെ നാണംകെട്ടു എന്നു പറഞ്ഞാൽ മതിയല്ലോ.

യോഗം കഴിഞ്ഞതോടെയാണു കെ.സി.ജോൺ ശരിക്കും കുഴഞ്ഞത്. കുശലം പറയാൻ പോലും ആരും എത്തിയില്ല. ആർക്കും വേണ്ടാത്തവനായി ഐ.പി.സിയുടെ പ്രസിഡന്റ് നിൽക്കുന്ന കാഴ്ച കരളലിയിക്കുന്നതായിരുന്നു. മടങ്ങിയെത്തിയയുടൻ ഹാലേലൂയ്യായിൽ ഒരു അഭിമുഖം പ്രസിദ്ധീകരിച്ചു. അതോടെ പ്രശ്നമെല്ലാം തീരുമെന്നാണു കെ.സി.ജോൺ കരുതിയത്. പക്ഷേ ഹാലേലൂയ്യായിലെ അഭിമുഖത്തിനു ഡിഫെൻഡർ മറുപടി പറഞ്ഞതോടെ കെ.സി.ജോണിന്റെ നാവിറങ്ങിപ്പോയി.

ഇത്തവണയും ഇതൊക്കെതന്നെയാകും സ്ഥിതി എന്നു കെ.സി.ജോണിനറിയാം. പത്തോ ഇരുപതോ മിനിട്ടാകും പ്രസംഗിക്കാൻ കിട്ടുക. ആരും മൈന്റ് ചെയ്യാൻ ഉണ്ടാകുകയുമില്ല. കാണുന്നവരെല്ലാം ഡിഫെൻഡറിനേക്കുറിച്ചു ചോദിക്കയും ചെയ്യും. മറുപടി പറയുക എളുപ്പമല്ല. പിണ്ണാക്കു സമ്മേളനത്തിനു പോകാതിരുന്നാൽ ഈ പ്രശ്നങ്ങളൊക്കെ ഒഴിവാക്കാം.

# ടി.ജെ.ശാമുവൽ പങ്കെടുക്കുമോ?



പിണ്ണാക്കിന്റെ പ്രസംഗകരുടെ പട്ടികയിൽ ടി.ജെ.ശാമുവലിന്റെ പേരുമുണ്ട്. പക്ഷേ കെ.സി.ജോണിന്റെ കാര്യത്തിലെന്ന പോലെ ടി.ജെ.ശാമുവലും ഇത്തവണ അമേരിക്കയ്ക്കു പോകുമോ എന്ന് ഇതെഴുതുമ്പോഴും വ്യക്തമല്ല. ഷൈൻ ചെയ്യാൻ വേണ്ടത്ര അവസരം ലഭിക്കുന്നില്ലെങ്കിൽ എന്തിനു പോകണം എന്നാണ് ടി.ജെ.ശാമുവൽ ചിന്തിക്കുന്നത്.

കാനം അച്ചൻ, ബാബു ചെറിയാൻ എന്നിവരാണ് പ്രധാന പ്രസംഗകർ. ബീവിക്കും മുല്ലക്കരക്കും വിസ കിട്ടിയതായി അറിവില്ല. കെ.സി.ജോണും ടി.ജെ.ശാമുവലും മൂട്ടുശാന്തിക്കാർ മാത്രം. അതുകൊണ്ട് പോയിട്ടു ഫലമില്ല. എങ്കിലും പോയാൽ വണ്ടിക്കൂലി കിട്ടും. ചില സഭകളിലൊക്കെ കയറിയിറങ്ങിയാൽ പോക്കറ്റ് മണിയും കിട്ടും. മക്കളെയൊക്കെ ഒന്നു കണ്ടു മടങ്ങിയെത്തുകയും ചെയ്യാം. അതുകൊണ്ട് ടി.ജെ.ശാമുവൽ അമേരിക്കൻ യാത്ര ഒഴിവാക്കാൻ ഇടയില്ല.

# മർക്കോസ് ഉപദേശി ഖത്തറിൽ പാടി



മർക്കോസ് ഉപദേശി ഖത്തറിൽ പാടി. ജനം ആത്മാവിലായി. പിടികിട്ടിയില്ലേ? എങ്കിൽ വിശദീകരിക്കാം. സിനിമാ പാട്ടുകാരനായ കെ.ജി.മർക്കോസ് ഖത്തറിൽ ആത്മീയ ഗാനങ്ങൾ ആലപിച്ചു. ചവർ ചാനലിന്റെ നേതൃത്വത്തിൽ നടന്ന പരിപാടിയിലാണു മർക്കോസ് പാടിയത്. കെ.സി.ജോൺ നേതൃത്വം നൽകി.

ഇതിൽ എന്താണു തെറ്റ് എന്നു ചോദിച്ചേക്കാം. രക്ഷിക്കപ്പെടാത്തവർക്ക് എല്ലാം ശരിയായി തോന്നും. അതുകൊണ്ടാണല്ലോ കെ.സി.ജോൺ ഇങ്ങനെയൊക്കെ കാട്ടിക്കൂട്ടുന്നത്.

രക്ഷിക്കപ്പെട്ടവർ മാത്രമേ ആത്മീയ ഗാനങ്ങൾ പാടാവൂ എന്നു നിയമമില്ല. ആർക്കും ഏതു പാട്ടും പാടാം. പക്ഷേ രക്ഷിക്കപ്പെട്ടവർ രക്ഷിക്കപ്പെടാത്തവരെ വിളിച്ചുവരുത്തി ആത്മീയ ഗാനങ്ങൾ പാടിക്കുന്നതു ശരിയായ നടപടിയല്ല. കാരണം, രക്ഷിക്കപ്പെടാത്തവർ നിത്യ നരകത്തിലേക്കാണു പോകുന്നത്. അവർ സാത്താന്റെ ജനമാണ്. അവരുമായി ദൈവമക്കൾ ഇണയല്ലാപ്പിണ കൂടരുത്. അവരുമായി ചേർന്ന് ഒരുവിധത്തിലുള്ള ആത്മീയ ശുശ്രൂഷകളും ചെയ്യരുത്. ഇതാണു ഡിഫെൻഡറിന്റെ നിലപാട്.

ഇത്തരം പഴഞ്ചൻ ആദർശങ്ങൾ പറയാൻ ഡിഫെൻഡർ മാത്രമേ ഇക്കാലത്തു തയ്യാറാകൂ എന്നറിയാം. എങ്കിലും ഡിഫെൻഡറിന് ഇങ്ങനെയൊക്കെ പറയാതിരിക്കാൻ പറ്റില്ല. കാരണം, രക്ഷ എന്ന വിഷയത്തിന് ഡിഫെൻഡർ അത്യധികം പ്രാധാന്യം നൽകുന്നു. രക്ഷിക്കപ്പെടാത്തവർക്ക് ആത്മീയ വിഷയങ്ങളിൽ ഒരുവിധത്തിലുള്ള പങ്കും ഓഹരിയും ഇല്ല എന്ന് ഉറപ്പിച്ചും തറപ്പിച്ചും ഡിഫെൻഡർ പറയും. വിശ്വാസികൾ അവിശ്വാസികളുമായി ഇണയല്ലാപ്പിണ കൂടുന്നതിനെതിരെ ഡിഫെൻഡർ പ്രതികരിക്കും. അതുകൊണ്ടാണു മർക്കോസനേപ്പോലുള്ളവരെ പാടാൻ വിളിക്കുന്നതിനെതിരെ ഡിഫെൻഡർ പ്രതികരിക്കുന്നത്.

ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോണാണ് ഈ വഴിവിട്ട പോക്കിനു നേതൃത്വം നൽകുന്നത് എന്ന വസ്തുത അങ്ങേയറ്റം ഗൗരവമുള്ളതാണ്. ഐ.പി.സിയുടെ ഉപദേശങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് വേർപാടിന്റെ ഉപദേശം. ഇണയല്ലാപ്പിണ കൂടുന്നത് ഐ.പി.സിയുടെ വിശ്വാസപ്രമാണവുമായി ഒരു വിധത്തിലും യോജിക്കുന്ന കാര്യമല്ല. ഐ.പി.സിയുടെ ആദ്യകാല നേതാക്കൻമാർ ഈ ഉപദേശം അർഹിക്കുന്ന ഗൗരവത്തിൽ എടുക്കുകയും ചെയ്തിരുന്നു. പക്ഷേ കെ.സി.ജോണിന്റെ കാലമായതോടെ എല്ലാം തലകുത്തി. വേർപാടിന്റെ ഉപദേശം ഇപ്പോൾ ആരും പ്രസംഗിക്കുന്നില്ല. സ്നാനം എന്ന വിഷയംപോലും വളരെ അപൂർവ്വമായി മാത്രമേ കേൾക്കാനുള്ളൂ. ചവർ ചാനലിന്റെ വിശ്വാസപ്രമാണത്തിൽ സ്നാനത്തിന്റെ ഉപദേശമേയില്ല. സഹോദരങ്ങളേ, സൂക്ഷിക്കുക, കെ.സി.ജോൺ സാത്താന്റെ ദാസനാണ്.

# പെണ്ണൂട്ടി ശാരോനിൽ അഴിഞ്ഞാടി



കുഞ്ഞൂട്ടി സകല പ്രതാപത്തോടെയും അഴിഞ്ഞാടിയ ഒരു കാലം ശാരോനിൽ ഉണ്ടായിരുന്നു. തോമ്മാച്ചായൻ അമേരിക്കയിൽ ആയിരുന്ന ആ കാലത്ത് കുഞ്ഞൂട്ടിയായിരുന്നു ശാരോന്റെ ജീവാത്മാവും പരമാത്മാവും. കുഞ്ഞൂട്ടിയെ ആരെങ്കിലും എതിർക്കാൻ ധൈര്യം കാണിച്ചാൽ അവൻ പിന്നെ ശാരോനിൽ ഉണ്ടാകില്ല എന്നതായിരുന്നു സ്ഥിതി.

വ്യഭിചാരത്തിന്റെ കേന്ദ്രമായി ശാരോൻ മാറിയതും ഈ കാലത്താണ്. വനിതാ ബൈബിൾ കോളേജിൽ പഠിക്കാൻ വരുന്ന പെൺകുട്ടികൾ, ജോലിക്കും മറ്റുമായി ശാരോനിൽ എത്തുന്ന സ്ത്രീകൾ, ചില പാസ്റ്റർമാരുടെ ഭാര്യമാർ തുടങ്ങിയവരെല്ലാം കുഞ്ഞൂട്ടിയുടെ കാമഭ്രാന്തിന് ഇരകളായി. എല്ലാവരും എല്ലാം അറിഞ്ഞെങ്കിലും ആരും വായ് തുറന്നില്ല. അങ്ങനെ കുഞ്ഞൂട്ടി ശാരോനിൽ രാജാവായി വാണരുളി.

ദൈവവേലയോടുള്ള താല്പര്യം മൂലം ബൈബിൾ സ്കൂളിൽ പഠിക്കാനെത്തിയ പെൺകുട്ടികളിൽ ഭൂരിപക്ഷവും കുഞ്ഞൂട്ടിയുടെ ഇരകളായി. എതിർത്തവരെയെല്ലാം വിവിധ കാരണങ്ങൾ പറഞ്ഞു പുറത്താക്കി. ചിലർ പരാതിയുമായി തോമ്മാച്ചായനേയും തോമ്മാച്ചായന്റെ ഭാര്യയേയും സമീപിച്ചെങ്കിലും ഫലമുണ്ടായില്ലെന്നു മാത്രമല്ല വാദി പ്രതിയാകുകയും ചെയ്തു. പരാതിയുമായെത്തിയ പെൺകുട്ടികൾ അഴിഞ്ഞാട്ടക്കാരികളാണെന്നും അവർ വിശുദ്ധ കുഞ്ഞൂട്ടിയെ വശീകരിക്കാൻ ശ്രമിക്കയാണു ചെയ്യുന്നതെന്നുമായി വ്യാഖ്യാനം. കുഞ്ഞൂട്ടിയാണു തെറ്റു ചെയ്യുന്നതെന്നു നന്നായറിയാമായിരുന്നിട്ടും തോമ്മാച്ചായന്റെ ഭാര്യ കുഞ്ഞൂട്ടിക്കു സഹായകമായ നിലപാടാണു നിരന്തരം സ്വീകരിച്ചിരുന്നത്. ദുർനടപ്പുകാർക്കെതിരെ കരുണ കൂടാതെ നിലപാടെടുത്തിട്ടുള്ള തോമ്മാച്ചായനും കുഞ്ഞൂട്ടിക്കെതിരെ ഒരു നടപടിയും എടുത്തില്ല. എന്തുകൊണ്ട് ഇവർ കുഞ്ഞൂട്ടിയുടെ പാപം മൂടിവയ്ക്കാൻ ശ്രമിച്ചു? അത് ഉത്തരമില്ലാത്ത ചോദ്യമാണ്. കുഞ്ഞൂട്ടിയെ തള്ളിക്കളയാൻ ആകാത്തവിധം ഏതോ കുരുക്ക് ഉണ്ടായിരുന്നു എന്നു മാത്രം ഊഹിക്കാം.

ഇപ്പോൾ തോമ്മാച്ചായനും ഭാര്യയും ഇല്ല. ടി.ജി.കോശിയാണു ശാരോന്റെ പ്രസിഡന്റ്. പി.ജി.ജേക്കബ്, ടി.പി.ഏബ്രഹാം എന്നിവർ തൊട്ടു പിന്നിലുമുണ്ട്. കുഞ്ഞൂട്ടി ഏതു തരക്കാരനാണെന്ന് ഇവർക്കെല്ലാം നന്നായറിയാം. മലബാറിലെ അനാഥശാലയിൽ എന്തൊക്കെയാണു നടക്കുന്നതെന്നും ഇവർക്കറിയാം. വ്യഭിചരിച്ചതായി കുഞ്ഞൂട്ടി കൗൺസിൽ മീറ്റിംഗിൽ സമ്മതിച്ചിട്ടുമുണ്ട്. എന്നിട്ടും ഒരു നടപടിയും ഉണ്ടാകുന്നില്ലെന്നു മാത്രമല്ല കുഞ്ഞൂട്ടിയെ പൂർവ്വാധികം ശക്തിയായി വിലസാൻ അനുവദിക്കയും ചെയ്യുന്നു. ഇതിന്റെയൊക്കെ പിന്നിൽ എന്തൊക്കെയോ ഉണ്ട്. അതെന്താണ്? അതു കണ്ടെത്താനുള്ള ശ്രമത്തിലാണ് ഡിഫെൻഡർ.





# പെന്തക്കോസ്ത് ചരിത്രം: സായിപ്പ് വഹ

കേരളത്തിലെ പെന്തക്കോസ്ത് സഭകളുടെ സത്യസന്ധമായ ഒരു ചരിത്രം എഴുതണമെന്ന് റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ പദ്ധതിയിട്ടിട്ടു വർഷങ്ങൾ പലതായി. പക്ഷേ ചരിത്രരചന ഇപ്പോഴും പദ്ധതിയായി അവശേഷിക്കുന്നു. അലക്കൊഴിഞ്ഞിട്ടു പെണ്ണുകെട്ടാൻ പറ്റുന്നില്ല എന്ന് ഒരു അലക്കുകാരൻ പറഞ്ഞതുപോലെയാണ് ഈയുള്ളവന്റെ സ്ഥിതി. പക്ഷേ റ്റി.എസ്.ബാലൻ എഴുതിയില്ലെങ്കിലും ഡോ.മൈക്കിൾ ബർഗൻഡർ എന്നൊരു ജർമ്മൻകാരൻ ദക്ഷിണേന്ത്യയിലെ പെന്തക്കോസ്തിന്റെ സത്യസന്ധമായ ചരിത്രം ഇതാ എഴുതിയിരിക്കുന്നു. ഈ പുസ്തകം ഞാൻ വായിച്ചിട്ടില്ല. ഹാലേലൂയ്യായുടെ ജൂൺ 1 ലക്കത്തിലെ വാർത്ത ആധാരമാക്കിയാണ് ഇതെഴുതുന്നത്.

പെന്തക്കോസ്തിലെ കുട്ടിദൈവങ്ങളെ പ്രീതിപ്പെടുത്തേണ്ട ആവശ്യം സായിപ്പിന് ഇല്ലാത്തതുകൊണ്ട് കഴിയുന്നത്ര സത്യസന്ധമായാണ് ഈ പുസ്തകം എഴുതിയിട്ടുള്ളതെന്ന് ഹാലേലൂയ്യായിലെ റിപ്പോർട്ടിൽ നിന്നു മനസ്സിലാക്കുന്നു. പുസ്തകത്തിൽ ഉള്ളതായി ഹാലേലൂയ്യാ പറയുന്ന ചില വസ്തുതകൾ:




‘‘കെ.ഇ.ഏബ്രഹാം അസംബ്ലീസ് ഓഫ് ഗോഡ്, തെന്നിന്ത്യാ പെന്തക്കോസ്ത്, സിലോൺ പെന്തക്കോസ്ത് എന്നീ പ്രസ്ഥാനങ്ങളിലൂടെ ഐ.പി.സി രൂപീകപണത്തിലേക്കെത്തുന്ന ചരിത്രം വിശദമായി പ്രതിപാദിക്കുന്നുണ്ട്. കെ.സി.ചെറിയാന്റേയും കെ.ഇ.ഏബ്രഹാമിന്റേയും സ്വീഡൻ, അമേരിക്ക യാത്രകളും അതിലൂടെ സമ്പാദിച്ച പണത്തേക്കുറിച്ചും പ്രതിപാദിക്കുന്ന ഗ്രന്ഥം കെ.ഇ.ഏബ്രഹാം അധികാരവും വസ്തുക്കളും തന്റെ നിയന്ത്രണത്തിൽ നിലനിർത്താൻ ശ്രമിച്ചതാണ് സഭയുടെ പിളർപ്പിനു മുഖാന്തരമായതെന്നും പറയുന്നു. കെ.ഇ.ഏബ്രഹാമിന്റെ കാലശേഷം പുത്രനായ ടി.എസ്.ഏബ്രഹാം സഭയുടെ ഭരണം കൈപ്പിടിയിൽ ഒതുക്കിയതും കുമ്പനാട് സഭാ ആസ്ഥാനത്തുണ്ടായിരുന്ന വസ്തു കൈക്കലാക്കിയതായും പുസ്തകം വ്യക്തമാക്കുന്നു. ഏബ്രഹാം ഫൗണ്ടേഷൻ രൂപീകരിച്ച് സഭയുടെ വളർച്ചയെ സ്വന്തം നേട്ടത്തിനായി ഉപയോഗിച്ചെന്നും ഇതു മാതൃകയാക്കി സഭയുടെ ലോക്കൽ നേതാക്കളിൽ മിക്കവരും സ്വന്തം സാമ്രാജ്യങ്ങൾ സ്ഥാപിച്ച് പണസമ്പാദനത്തിനു തുനിഞ്ഞെന്നും പുസ്തകത്തിൽ പറയുന്നു. ഗൾഫ് മലയാളികളുടേയും മറ്റു പ്രവാസികളുടേയും കൈയ്യിൽ നിന്ന് ലഭിക്കുന്ന പണം സമ്പാദിക്കാനായി മിക്ക നേതാക്കളും സ്വന്തം ട്രസ്റ്റുകളും പ്രസ്ഥാനങ്ങളുമുണ്ടാക്കി സഭയെ നശിപ്പിക്കയാണെന്നും എൺപതുകളിൽ ഉദയം ചെയ്ത ബൈബിൾ കോളേജുകൾ വെറുമൊരു ബിസിനസ്സായി അധ:പതിച്ചെന്നും പുസ്തകം ആരോപിക്കുന്നു. കൺവൻഷനുവേണ്ടി മാത്രം എല്ലാവരും ഒത്തുകൂടുകയും ഐ.പി.സി എന്ന പേരുപയോഗിച്ച് സ്വന്തം നേട്ടങ്ങൾ മാത്രം ലക്ഷ്യമാക്കുകയും ചെയ്യുന്നെന്ന് പുസ്തകം വ്യക്തമാക്കുന്നു. ഐ.പി.സിയുടെ മാത്രമല്ല, ചർച്ച് ഓഫ് ഗോഡിലെ പി.എ.വി സാം നടത്തിയ പോലീസ് രാജിനേക്കുറിച്ചും പുസ്തകം വിശദമാക്കുന്നു. ഒടുവിൽ എം.വി.ചാക്കോ ഐ.പി.സിയിൽ ചേക്കേറിയതുവരെ പുസ്തകത്തിലുണ്ട്. പി.എ.വി സാമിന്റെ ആദ്യ അഞ്ചു വർഷം കൊണ്ട് സഭയുടെ എണ്ണം ഇരട്ടിയാക്കിയെന്ന അവകാശവാദം അവിശ്വസനീയമാണെന്ന് പുസ്തകം പറയുന്നു.’’

ഇതെഴുതിയ സായിപ്പിനു നട്ടെല്ലുണ്ട് എന്നു വ്യക്തം. ഇങ്ങനെയെഴുതാൻ ചിലർ കേരളത്തിലുണ്ടായിരുന്നെങ്കിൽ പെന്തക്കോസ്ത് പണ്ടേ നന്നാകുമായിരുന്നു. പക്ഷേ നേതാക്കൻമാരുടെ കാലു തിരുമ്മി കിട്ടുന്ന നക്കാപ്പിച്ച കൊണ്ട് ഉപജീവിക്കുന്നവർക്കു സത്യം തുറന്നു പറയാൻ എങ്ങനെ കഴിയും?

സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും ഈ പുസ്തകം വിലകൊടുത്തു വാങ്ങി വായിക്കാൻ സാധാരണക്കാരായ വിശ്വാസികൾക്കു കഴിയുമെന്നു തോന്നുന്നില്ല. 380 പേജുള്ള ഈ പുസ്തകത്തിന്റെ വില 2300 രൂപയാണെന്നു ഹാലേലൂയ്യാ പറയുന്നു. എന്നാൽ ഡിഫെൻഡർ നടത്തിയ അന്വേഷണത്തിൽ അല്പം വില കുറച്ചു കിട്ടാനുള്ള വഴി കണ്ടെത്തുകയുണ്ടായി. ബാംഗ്ലൂർ, ഡൽഹി എന്നീ സ്ഥലങ്ങളിൽ 1626 രൂപയ്ക്ക് ഈ പുസ്തകം ലഭിക്കും. വിലാസം:

**Bangalore Address:**
Flipkart.com, 1st Floor,
No. 447/C, 1st A Cross,
12th Main, 4th Block,
Opp. BSNL, Koramangala,
Bangalore - 560034

Phone: (080) 6546 1385
Email: cs@flipkart.com

**Delhi Address:**
Flipkart.com,
2nd Floor, I-2/16,
Ansari Road, Darya Ganj,
New Delhi - 110002


# നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

– **നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**
– **വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**
– **ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് – 2000 രൂപ മാത്രം**

**ഓരോ അധിക പേജിനും 500 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 96564 32921**


# ഡോക്ടറേറ്റ് തന്നേ അടങ്ങൂ

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവന് ഒരു ചുമ്മാഡോ തന്നേ അടങ്ങൂ എന്ന വാശിയിലാണ് ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചർച്ച് മാനേജ്മെന്റ് എന്ന കടലാസ് കോളേജ്. സംഭവം ചുരുക്കി പറയാം:

രണ്ടു വർഷം മുൻപ് കെ.സി.ജോണിനു മൂന്നു ദിവസത്തെ ഇടവേളയിൽ രണ്ടു ചുമ്മാഡോകൾ കിട്ടി. രണ്ടാമത്തെ ഡോ കൊടുത്തത് റ്റി.എസ്.ഏബ്രഹാമും വൽസനും ചേർന്നായിരുന്നു. ആദ്യത്തെ ഡോ ആരു കൊടുത്തു എന്നു ഡിഫെൻഡർ അന്വേഷിച്ചു. ചെന്നെയിലുള്ള ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചർച്ച് മാനേജ്മെന്റ് എന്ന കടലാസ് സ്ഥാപനമാണ് ഈ കടുംകൈ ചെയ്തതെന്ന് അറിയാൻ കഴിഞ്ഞു.

ഇവരുടെ ഡോ കിട്ടാൻ എത്രത്തോളം എളുപ്പമാണ് എന്ന് അറിയുന്നതിനായി റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ അവർക്ക് ഒരു ഈമെയിൽ അയച്ചു. എനിക്ക് ഒരു ഡോക്ടറേറ്റ് തരുമോ എന്നായിരുന്നു ചോദ്യം. 2007 ഫെബ്രുവരി 22ന് ഷാർജയിൽ നിന്നു ഞാൻ അയച്ച ഈമെയിലിനു പിറ്റേന്നുതന്നെ മറുപടി ലഭിച്ചു. അത് ഇപ്രകാരമായിരുന്നു:

Dear Brother Balan:
Greetings in the name of Jesus!
Thanks for your email. It is not clear if you have come down to India now or outside of India.
Your email is very timely in the sense that we are having a Convocation Service in our Bible College Chapel in Tambaram, Chennai on Saturday, February 24, 2007 from 2 p.m. to 5 p.m. If it is possible to for you to participate in it, we can consider your request for which you should send your bio-data and photo by email either today or at least by 10 a.m. tomorrow morning. If we approve your request, after reviewing your bio-data you have to meet the following conditions before you participate in the graduation service, to receive an Honorary Doctorate
1. Become a Life Time Member of IICM by paying U.S.$100
2. Make a contribution of U.S.$500 towards the Scholarship Fund of IICM
If you cannot make it now, we will have a Convocation Service on March 24, 2007 in Chennai or every month from May to September 2007 in our Church and Bible College in Plymouth, Pennsylvania, USA.
You may call us now through one of our cell phones or the landline. Cell Phone Number:
Mr. Ramesh (PA to Dr. John Williams) 9940665611
Dr. John Williams-9380572718
IICM Office Landline: 91-44-22392712/22395149
You can talk to our Academic Dean Rev. Dr. Raj Kumar.
We would like you to give your telephone number also to keep in touch with each other.
God Bless,
Patriarch John Williams

പിറ്റേന്ന് ചെന്നെയിൽ എത്തി 600 ഡോളർ കൊടുത്താൽ റ്റി.എസ്.ബാലനും കെ.സി.ജോണിനെപ്പോലൊരു ചുമ്മാഡോ ആകും എന്നു ചുരുക്കം. ഈയുള്ളവൻ കെ.സി.ജോണിനോളം ശുംഭനല്ലാത്തതുകൊണ്ട് ഡോ വാങ്ങിയില്ല. പ്രശ്നം അതോടെ തീർന്നെന്നാണു ഞാൻ കരുതിയത്. പക്ഷേ റ്റി.എസ്.ബാലനെ ചുമ്മാഡോ ആക്കിയേ അടങ്ങൂ എന്ന വാശിയിലാണ് ഈ ചുമ്മാ കോളേജ്. അതുകൊണ്ട് അവരുടെ ഒരു ഈമെയിൽ രണ്ടാഴ്ച മുൻപ് ലഭിച്ചു. ഉള്ളടക്കം ഇതാണ്:

**IICM International Bible College, FL., USA**
A Division of International Institute of Church Management
Website: www.iicmweb.org
Email ID: iicm@aol.com; intl@iicm.us

June 3, 2009

**Subject: Honorary Doctorate**

Dear Brothers/Sisters in Christ!
Greetings in the name of Jesus!

Since our summer Convocation Programs in USA, including the conferring of Honorary Doctorates are soon approaching, it is important that you respond immediately and send us your bio-data and photo if you have not sent it already, and pay the full contribution no later than June 15, 2009. If for some reason you can not send the contribution required, indicate to us the maximum amount of contribution that you can send. If it is not acceptable to us, we will take your name off this list.
We look forward to the pleasure of hearing from you soon.
God bless,
Dr. John Williams
Founder/ President

അറുനൂറു ഡോളർ കൊടുക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ എത്ര കൊടുക്കാമെന്നു പറയുക. അവർക്കുകൂടി സമ്മതമാണെങ്കിൽ കച്ചവടം ഉറപ്പിക്കാം. പോരേ പൂരം. ഈ മഹത്തായ സ്ഥാപനത്തിനു പണം കൊടുത്തു വാങ്ങിയ ഡോയുമായാണ് ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോൺ വിലസുന്നത്. (നാണമാകുന്നില്ലേ മനുഷ്യാ നിങ്ങൾക്ക്!!!???)

# രുദ്രാക്ഷാനന്ദൻ വീണ്ടും വിദേശ പര്യടനം നടത്തുന്നു

കുപ്രസിദ്ധ തട്ടിപ്പു വീരനായ രുദ്രാക്ഷാനന്ദൻ വിവിധ വിദേശ രാജ്യങ്ങൾ സന്ദർശിക്കാനായി പുറപ്പെട്ടിരിക്കുന്നു. അമേരിക്ക, യു.കെ. ഗൾഫ് തുടങ്ങിയ പ്രദേശങ്ങളിൽ ചുറ്റിക്കറങ്ങാനാണു പദ്ധതി. പെന്തക്കോസ്തുകാരനാണെന്ന് അവകാശപ്പെടുന്ന ഈ കള്ളൻ മൂന്നു വർഷം മുൻപ് ഗംഗയിൽ മുങ്ങുകയും കാവി ധരിക്കുകയും രുദ്രാക്ഷം അണിയുകയും ചെയ്തു. അങ്ങനെയാണ് രുദ്രാക്ഷാനന്ദൻ എന്ന പേരു കിട്ടിയത്.



ക്രിസ്ത്യൻ ട്രിബ്യൂൺ എന്ന പേരിൽ ഇയാൾ ഒരു പത്രം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിന്റെ മറവിലാണ് പ്രധാനമായും തട്ടിപ്പു നടത്തുന്നത്. കൂടാതെ, വിവിധ സംഘടനകളും പ്രസ്ഥാനങ്ങളും ഇയാളുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട് എന്നു പറയുമെങ്കിലും എല്ലാം പച്ചക്കള്ളമാണ്.

പെന്തക്കോസ്തുകാരുടെ ഇടയിൽ ചെല്ലുമ്പോൾ ഇയാൾ ഒന്നാംതരം പെന്തക്കോസ്തുകാരനാണ്. പക്ഷേ സമുദായക്കാരുടെ ഇടയിൽ സാക്ഷാൽ സമുദായക്കാരനാകും. പണമുണ്ടാക്കാൻ വേണ്ടി എന്തു വേഷവും കെട്ടും എന്നു ചുരുക്കം. പ്രവചനം, രോഗശാന്തി തുടങ്ങിയ വേലകളും പ്രയോഗിക്കാറുണ്ട്.

ആർക്കും ഒരു സംശയവും തോന്നാത്തവിധം സംസാരിക്കാൻ ഇയാൾക്കു കഴിയും. പണക്കാരായ വിഡ്ഢികളെ വീഴ്ത്താൻ അസ്സാധാരണമായ കഴിവുണ്ട്. ഈ കഴിവുപയോഗിച്ച് നൂറുകണക്കിനു വിഡ്ഢികളെ ഇയാൾ കബളിപ്പിച്ചുകഴിഞ്ഞു. ഇങ്ങനെ ലഭിക്കുന്ന പണം ഉപയോഗിച്ച് മദ്യസേവ ഉൾപ്പെടെയുള്ള ദുർമ്മാഗ്ഗജീവിതം നയിക്കുന്ന മാത്യൂസ് പണം തീരുമ്പോൾ വീണ്ടും വിദേശപര്യടനം ആരംഭിക്കും. ഒന്നരക്കൊല്ലം മുൻപ് അമേരിക്ക ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ അനേകരെ കബളിപ്പിച്ച ഇയാൾ ഈ കുറിപ്പ് എഴുതുമ്പോൾ ഡാളസ്സിലുണ്ട്. അമേരിക്കയിലെ മറ്റു നഗരങ്ങളിലും ഇയാൾ എത്തിയേക്കാം. അതുകഴിഞ്ഞ് ഗൾഫ്, യു.കെ തുടങ്ങിയ സ്ഥലങ്ങളിലും എത്താം. ആകയാൽ ദൈവമക്കൾ സൂക്ഷിക്കുക. ഇയാൾക്കു ദൈവവുമായി ഒരു ബന്ധവുമില്ല. ഇവനു പണം കൊടുത്തു വിഡ്ഢികളാകരുത്.

# മരണമണി വേണമെന്നോ?

മരണമണി വേണോ വേണ്ടയോ? വേണമെന്ന് ഒരു കൂട്ടർ. വേണ്ടെന്ന് മറ്റൊരു കൂട്ടർ. സംവാദം നടക്കുന്നതു ഹാലേലൂയ്യായിലാണ്.

മരണമണി എന്നത് ശവസംസ്ക്കാര സമയത്ത് പള്ളിയിൽ മണിയടിക്കുന്ന കാര്യമാണെന്ന് ആരെങ്കിലും തെറ്റിദ്ധരിച്ചെങ്കിൽ ആ ധാരണ തിരുത്തുക. ഇതു പെന്തക്കോസ്തിലെ മരണമണിയാണ്, മരണം നടന്ന വീട്ടിലെ കാരണവർ ശവസംസ്ക്കാരത്തിനെത്തുന്ന പാസ്റ്റർമാർക്കു കൊടുക്കുന്ന കൈമടക്കാണ്.

ശവസംസ്ക്കാരത്തിൽ പങ്കെടുക്കാൻ എത്തുന്ന പാസ്റ്റർമാർ കൈമടക്കു വാങ്ങുന്നതു ശരിയായ നടപടിയല്ല എന്ന വാദത്തിൽ കഴമ്പുണ്ട് എന്നു പറയാതെവയ്യ. ഇതു ഹീനമായ ഒരു ആചാരമാണെന്നു സുബോധമുള്ളവരൊക്കെ സമ്മതിക്കും. പക്ഷേ ഈ നിലപാടുമായി യോജിക്കാത്തവരുണ്ട്. അങ്ങനെയുള്ളവർ പലവിധ ന്യായങ്ങൾ നിരത്താറുമുണ്ട്. പക്ഷേ എന്തൊക്കെ ന്യായം പറഞ്ഞാലും ശവസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കുന്നതിനു കൈമടക്കു വാങ്ങുന്നതു ശരിയായ നടപടിയല്ല.

ശവസംസ്ക്കാരത്തിൽ പങ്കെടുക്കാൻ ബുദ്ധിമുട്ടു സഹിച്ചു വരുന്ന പാസ്റ്റർമാരെ ബഹുമാനിക്കേണ്ടതല്ലേ എന്നാണ് ചിലരുടെ ചോദ്യം. ബഹുമാനിച്ചുകൊള്ളൂ, അതിന് പണം കൊടുക്കണമെന്നുണ്ടോ? മാത്രമല്ല, ശവസംസ്ക്കാരത്തിൽ പങ്കെടുക്കാൻ പാസ്റ്റർമാർ എത്തുന്നതു ബുദ്ധിമുട്ടിയാണെങ്കിൽ അത്രയും തന്നെ ബുദ്ധിമുട്ട് സാധാരണക്കാരായ വിശ്വാസികൾക്കും ഉണ്ടാകുന്നുണ്ട്. പണം കൊടുത്തേ അടങ്ങൂ എന്നാണെങ്കിൽ പാസ്റ്ററെന്നോ വിശ്വാസിയെന്നോ വ്യത്യാസമില്ലാതെ എല്ലാവർക്കും നൽകൂ.

# ഐ.പി.സി പാളയത്തിൽ പട പൊടിപൂരം

ഇലക്ഷൻ അടുത്തതോടെ ഐ.പി.സിയിൽ പട രൂക്ഷമായി. ഭൈമീകാമുകൻമാർ അന്യോന്യം പോരടിക്കുകയാണ്. എങ്ങനെയെങ്കിലും ഒരു കസേര തരപ്പെടുത്താനുള്ള തത്രപ്പാടിലാണ് ഏവരും.

ജനറൽ പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നീ കസേരകൾ യഥാക്രമം കെ.സി.ജോണിനും വൽസനും സംവരണം ചെയ്തിട്ടുള്ളതാണ്. മൂന്നു വർഷം കഴിയുമ്പോൾ കെ.സി.ജോൺ സെക്രട്ടറിയും വൽസൻ പ്രസിഡന്റുമാകും. രണ്ടിലൊരാൾ മരിക്കുന്നതുവരെ ഇതു തുടർന്നുകൊണ്ടിരിക്കും. പക്ഷേ മറ്റു കസേരകൾക്കു മത്സരമുണ്ട്.

സ്റ്റേറ്റ് പ്രസിഡന്റായി കെ.എം.ജോസഫ് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടേക്കാം. എന്നാൽ മറ്റു കസേരകൾക്കായി അത്യുഗ്രൻ മത്സരം ഉറപ്പായിക്കഴിഞ്ഞു. കൗൺസിൽ അംഗങ്ങളാകാൻ പാസ്റ്റർമാരുടേയും വിശ്വാസികളുടേയും വലിയൊരു സംഘവും രംഗത്തുണ്ട്. പ്രധാനമായി രണ്ടു പാനലുകളായാണു മത്സരമെങ്കിലും മൂന്നാമത് ഒരു പാനൽ കൂടി ഉണ്ടാകാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. ഒരു പാനലിലും പെടാത്തവരും രംഗത്തുണ്ടാകും. കാര്യങ്ങൾ ആകെക്കൂടി പൊടിപൂരമാകുന്ന മട്ടുണ്ട്.

സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും ഏറ്റവും അധികം ജനാധിപത്യപരമായി തെരഞ്ഞെടുപ്പു നടക്കുന്ന പെന്തക്കോസ്ത് പ്രസ്ഥാനം ഐ.പി.സിയാണെന്ന വസ്തുത കണ്ടില്ലെന്നു നടിക്കാനാവില്ല. ചർച്ച് ഓഫ് ഗോഡിലും എ.ജിയിലും വിശ്വാസികളെ കസേരകളുടെ ഏഴയലത്ത് അടുപ്പിക്കുകയില്ല. ശാരോനിൽ 20ൽ താഴെ അംഗങ്ങളേയുള്ളൂ. അതുകൊണ്ടു തെരഞ്ഞെടുപ്പ് ഇല്ലെന്നു പറയാം. ഡബ്യൂ.എം.ഇ., ന്യൂഇന്ത്യാ തുടങ്ങിയവകളിൽ സിംഹാസനം എന്നുമെന്നേക്കുമുള്ളതാണ്. അതുകൊണ്ട് ഐ.പി.സി തന്നെ ഭേദം.

# ഇടയശ്രേഷ്ഠൻ കർത്താവുമാത്രം

ഹാലേലൂയ്യായുടെ ജൂൺ 1 ലക്കത്തിൽ ''മലബാറിനെ സ്നേഹിച്ച ഇടയശ്രേഷ്ഠൻ'' എന്ന തലക്കെട്ടോടെ ഒരു ലേഖനം കണ്ടു. പാസ്റ്റർ സി.ജെ.ഏബ്രഹാമുമായി ഹാലേലൂയ്യാ പ്രതിനിധി നടത്തിയ ഒരു അഭിമുഖ സംഭാഷണമാണ് സംഭവം. പാസ്റ്റർ സി.ജെ.ഏബ്രഹാം മലബാറിനെ സ്നേഹിക്കുകയും മലബാറിന്റെ സുവിശേഷീകരണത്തിനായി ഏറെ അധ്വാനിക്കയും ചെയ്തിരിക്കാം. പക്ഷേ ''ഇടയശ്രേഷ്ഠൻ'' എന്ന വിശേഷണം അദ്ദേഹത്തിനെന്നല്ല ഒരു ദൈവദാസനും ചാർത്തിക്കൊടുക്കരുത്. കാരണം, ഇടയശ്രേഷ്ഠൻ കർത്താവായ യേശുക്രിസ്തു മാത്രമാണ്. പാസ്റ്റർമാർ സാധാരണ ഇടയൻമാർ മാത്രം.

കർത്താവിനു മാത്രം അവകാശപ്പെട്ട സ്ഥാനമാനങ്ങൾ സമുദായങ്ങളിലെ പുരോഹിതരും മേല്പട്ടക്കാരും സ്വീകരിക്കാറുണ്ട്. പിതാവ്, സാർവ്വത്രിക പിതാവ് (കാതോലിക്കാ ബാവ), പ്രധാന പിതാവ് (പാത്രിയാർക്കീസ് ബാവ), പിതാക്കൻമാരുടെ പിതാവ് (പോപ്പ്) തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം. ഈ നിദാന്ത വന്ദ്യൻമാരുടെ നിലവാരത്തിലേക്കു ദൈവദാസൻമാർ താഴാതിരിക്കാൻ ശ്രദ്ധിക്കണം.

# വളഞ്ഞവട്ടനെ വേണ്ടെന്ന്

വളഞ്ഞവട്ടനെ വേണ്ടെന്നു വളഞ്ഞവട്ടം സഭ. പരമ വ്യഭിചാരിയായ ജോൺസണെ മാറ്റിയിട്ട് മറ്റൊരു പാസ്റ്ററെ നിയമിക്കണമെന്നാണ് വിശ്വാസികൾ ആവശ്യപ്പെടുന്നത്. ഈ ആവശ്യം ഉന്നയിച്ച് സഭാനേതൃത്വത്തെ സമീപിക്കാനാണ് വിശ്വാസികളുടെ പദ്ധതി.

പക്ഷേ വിശ്വാസികളുടെ ആവശ്യം നടക്കുമെന്നു തോന്നുന്നില്ല. അതിനു പ്രധാനമായി രണ്ടു കാരണങ്ങളുണ്ട്:

1. വളഞ്ഞവട്ടം എ.ജി സഭയിലെ വിശ്വാസികളിൽ നല്ലൊരു പങ്ക് ജോൺസണുമായി ബന്ധമുള്ളവരാണ്. അവർ സ്വാഭാവികമായും ജോൺസണു പിൻതുണ കൊടുക്കും.
2. ടി.ജെ.ശാമുവലിന്റെ സഹോദരിയുടെ മകനാണ് ജോൺസൺ. അതുകൊണ്ട് ടി.ജെ.ശാമുവൽ ജോൺസണെ സംരക്ഷിക്കും.

ആകയാൽ എല്ലാം സഹിച്ചു കഴിഞ്ഞുകൂടുകയോ സഭ വിട്ടു പോകുകയോ മാത്രമാണു പരാതിക്കാർക്കു ചെയ്യാൻ കഴിയുക.

# ചൂടുവെള്ളത്തിൽ വീണ അമേരിക്കൻ പൂച്ചകൾ

അമേരിക്കയിലേക്കു സന്ദർശകർ പ്രവഹിക്കുന്നതുമായി ബന്ധപ്പെട്ടു കഴിഞ്ഞലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ച വാർത്ത വായിച്ചശേഷം ഒരു അമേരിക്കൻ മലയാളി ഡിഫെൻഡറിനയച്ച ഈമെയിൽ ഇതാ. (പേരുകൾ ഒഴിവാക്കിയിട്ടുണ്ട്).

Dear brother Balan:

"Flow of visitors to the U.S" June 1st was a very interesting and informative article.

Even though I don't belong to any Indian Pentecostal denomination, I had my share of poroblems and sorrows, by entertaining unethical visitors to my home in the past. So, I am very prudent not to be bluffed by the seasonal inflow of God's lazy and pleasure loving servants to enter my door steps.

Two years back, I got a call from the American airlines station manager. Ms. Robin knew me personally since I fly through their airlines more often and she told me that a Pastor is stranged at the airport from India. She can arrange the hotel for three days, but he has no money. I told her that I will help him, and to tell him to wait for a couple of hours. He was from Tamil Nadu.

When I went to meet him, Robin told me that he has bothered her more than 6 times to call me. When I met him, he was well-dressed, but started complaining about America, and the people who invited him to come to America for the conference. I told him that they conduct this as a business. and don't worry, you will be taken care for three days, and Robin will put you in a flight to reach India as early as possible, through Chicago.

One of my friend from Tamil Nadu was so gracious to host him for three days. This Catholic believer took the pain to entertain a Pentecostal Minister, and later on my friend explained to me the pain he had to undergo. My friend's employee donated $ 650.00 to him for the ministry in India, my friend bought a lab top for him; my wife gave him another amount, so the host Pastor changed his mind from griping to praising God. Then he began to plead with me to arrange some programmes in Chicago and to change the departure date. I told him very firmily that I have already made a mistake in helping a stranger like you, so leave as early as possible. The person who told me in bitterness that " I will never come to this country one more time" called me from India that he is going to visit me after two months and going to stay with me for a week to speak in Churches. I told him, that I have made the biggest mistake of helping you, and you are not welcomed to my home. Then he began to bother my friend, and he called me crying that he does't want to go through that pain again. I told him, not to worry about that and simply tell him that he is not welcomed one more time.

Many of my Pentecostal friends who are attending the array of Pentecostal conferences in the summer months told me that they are very cautious not to talk with strangers, and avoiding eye contacts with them. Some of these uninvited futile parasites are too pushy and force themselves to stragers cars. What to do?

The saints of America in these hard economic times must read what Pastor T.S. Balan has written about this seasonal mircale working prophets of dollar, or the host families will regrest later on.

God bless you for warning the believers.


## എം.പി.3 സി.ഡികൾ ലോക്ക് ചെയ്യൂ കോപ്പിയടി അസാധ്യമാക്കൂ

പാട്ടുകൾ, പ്രസംഗങ്ങൾ തുടങ്ങിയവ റൈറ്റ് ചെയ്തിട്ടുള്ള എം.പി.3 സി.ഡികൾ അനധികൃതമായി കോപ്പി ചെയ്യപ്പെടുന്നതു തടയാനായി വളരെ കുറഞ്ഞ ചെലവിൽ ലോക്ക് ചെയ്യാം.

**കൂടുതൽ വിവരങ്ങൾക്ക്: 96564 32921**

RNI No. 68089 / 97
2009 June 16

# THE DEFENDER

REGISTERED
KL/ALY/0031/2009-11

## വിവാഹം നടത്താൻ ദുർമ്മാർഗ്ഗി വേണോ?

തിരുമേനിമാരേക്കൊണ്ടു വിവാഹം ആ ശീർവദിപ്പിക്കുന്നത് അന്തസ്സിന്റെ അടയാളമായി കരുതുന്ന സമുദായക്കാരുണ്ട്. തിരുമേനിമാരുടെ എണ്ണം കൂടുന്നതനുസരിച്ച് അന്തസ്സും കൂടും. എല്ലാ വിഷയങ്ങളിലും സമുദായക്കാരെ അനുകരിക്കുന്ന പെന്തക്കോസ്തുകാർ ഈ വിഷയത്തിലും സമുദായക്കാരുടെ പാത പിൻതുടരുന്നു. പെന്തക്കോസ്തിൽ തിരുമേനിമാരില്ലാത്തതുകൊണ്ട് കേന്ദ്രത്തിലെ നേതാക്കൻമാരേക്കൊണ്ടു വിവാഹം നടത്തിക്കുകയാണു ചെയ്യുന്നത്. ഐ.പി.സിക്കാരുടെ വിവാഹത്തിന് കെ.സി.ജോൺ, കെ.എം.ജോസഫ്, കെ.സി. തോമസ് തുടങ്ങിയവരെ വിളിക്കും. ശാരോൻകാർക്കു ടി.ജി.കോശിയെ കിട്ടണമെന്നാണു മോഹം. ചർച്ച് ഓഫ് ഗോഡുകാർക്ക് ഓവർസിയറെ വേണം. എ.ജിക്കാർക്കു ടി.ജെ.ശാമുവലിനെ കിട്ടിയാൽ തൃപ്തിയാകും. ഇവരൊക്കെ വിവാഹം നടത്തിയാൽ എന്തോ സ്പെഷ്യൽ അനുഗ്രഹം കിട്ടുമെന്നാണു ധാരണ.

പെന്തക്കോസ്ത് നേതാക്കൻമാരിൽ ഭൂരിപക്ഷവും ദുർമ്മാർഗ്ഗികളാണ്. അവരിൽ ദുർന്നടപ്പിന്റെ ആത്മാവാണുള്ളത്. ഈ നീചൻമാർ വധൂവരൻമാരുടെ തലയിൽ കൈവച്ചു പ്രാർത്ഥിക്കുന്നതോടെ അവരിലേക്കും ഈ ആത്മാവു വ്യാപിക്കും. ദുർന്നടപ്പുകാരുടെ എണ്ണം പെന്തക്കോസ്തിൽ അനുദിനം വർദ്ധിച്ചു വരാൻ ഇതാണു കാരണം. ഈ കാര്യങ്ങളൊക്കെ ഇപ്പോൾ പറയാൻ കാരണമെന്ത് എന്നു സംശയം തോന്നാം. തക്കതായ കാരണമുണ്ട്.

ഡാളസ്സിലുള്ള ഒരു പാസ്റ്ററുടെ മകന്റെ വിവാഹം ജൂലൈ അവസാനത്തോടെ നടക്കും. ഐ.പി.സിയിലെ പ്രമുഖ വ്യഭിചാരിയായ കെ.സി.ജേണിനെ ഇന്ത്യയിൽ നിന്നു വരുത്തി കല്യാണം നടത്തിക്കാനാണു പദ്ധതി. അതിന്റെ പിന്നിൽ ഒരു ഹിഡൺ അജണ്ടയുണ്ട്. ഈ പാസ്റ്റർക്ക് ഇന്ത്യയിലെ ഏതെങ്കിലും ഒരു ഐ.പി.സി സ്റ്റേറ്റിന്റെ പ്രസിഡന്റാകണമെന്ന മോഹമുണ്ട്. കർണ്ണാടകയിൽ നോട്ടമിടുകയും ചെയ്തു. പക്ഷേ സാം ജോർജ് ഒരു മുഴം മുൻപേ എറിഞ്ഞതുകൊണ്ട് ആ മോഹം പൂവണിഞ്ഞില്ല. ഇനി ഏതെങ്കിലും ഒരു ചാൻസ് വരുമ്പോൾ കയറിക്കൂടണം. അതിനു കെ.സി.ജോണിന്റെ സഹായം കൂടിയേ തീരു. വെറുതെ കുറെ പണം കൊടുത്താൽ അതു കൈക്കൂലിയായി വ്യാഖ്യാനിക്കപ്പെടും. പക്ഷേ മകന്റെ വിവാഹം നടത്താനായി വിളിച്ചിട്ട് നല്ലൊരു തുക നൽകിയാൽ ആരും കുറ്റം പറയുകയില്ല. അതാണു പാസ്റ്ററുടെ 'പുത്തി'. സംഗതി ഡിഫെൻഡറിനു നന്നായി ബോധിച്ചു. പക്ഷേ രണ്ടുവട്ടം ആലോചിച്ചിട്ടു മതി ഈ കലാപരിപാടി. ഏതു വ്യഭിചാരിയെ വിളിച്ച് മോന്റെ കല്യാണം ആശീർവദിപ്പിക്കാനും പാസ്റ്റർക്കു സ്വാതന്ത്ര്യമുണ്ട്. പക്ഷേ അതു കഴിയുമ്പോൾ ഡിഫെൻഡറിന്റെ വകയായി ഒരു ശുശ്രൂഷയുണ്ടാകുമെന്നോർത്താൽ നന്ന്.

## റാം ബാബുവിനെ സൂക്ഷിക്കുക



കുപ്രസിദ്ധ തട്ടിപ്പുവീരനായ റാം ബാബു മാഞ്ചസ്റ്ററിൽ പ്രസംഗിക്കും. ജൂൺ 26-28 തീയതികളിലാണ് ഈ കള്ളന്റെ വിളയാട്ടം നടക്കുക. മലയാളം ക്രിസ്ത്യൻ ചർച്ചിലെ വിഡ്ഢികളാണ് മാഞ്ചസ്റ്ററിൽ ഈ കള്ളനു കഞ്ഞി വയ്ക്കുന്നത്.

എം.എ.വർഗീസിനേയും സുരേഷ് ബാബുവിനേയും വെല്ലുന്ന രോഗശാന്തി തട്ടിപ്പാണ് റാം ബാബു നടത്തുന്നത്. എം.എ വർഗീസ് കാല് വലിച്ചു നീട്ടുന്ന ചെപ്പടിവിദ്യ കാണിക്കുമായിരുന്നു. കാല് നീണ്ടു എന്നു തെളിയിക്കാനായി ടേപ്പ് വച്ച് അളന്നു കാണിക്കയും ചെയ്തിരുന്നു. കാലിന്റെ വളർച്ച മില്ലീ മീറ്റർ കണക്കിനായിരുന്നു എന്നു മാത്രം. ഇതിന്റെ സൂത്രം പൊതുജനങ്ങൾക്കു മനസ്സിലായതോടെ എം.എ.വർഗീസ് ഈ കലാപരിപാടി നിർത്തുകയും ചെയ്തു.

റാം ബാബു വലിച്ചു നീട്ടുന്നത് കാലല്ല കൈയ്യാണ്. പ്രാർത്ഥന ആവശ്യപ്പെട്ട് സ്റ്റേജിൽ എത്തുന്ന ആരുടെയെങ്കിലും കൈകൾ ചേർത്തു പിടിച്ച് റാം ബാബു ഉയർത്തിക്കാട്ടും. ഒരു വശത്തേക്ക് അല്പം ചരിച്ചാകും കൈകൾ പിടിക്കുക. സ്വാഭാവികമായും ഒരു കൈക്ക് നീളക്കുറവു തോന്നും. അതു കഴിഞ്ഞ് എല്ലാവരോടും ഈ കൈകളിലേക്കു നോക്കിക്കൊണ്ടിരിക്കാൻ പറയും. എല്ലാവരും മിഴിച്ചു നോക്കിക്കൊണ്ടിരിക്കുമ്പോൾ റാം ബാബു നീളക്കുറവുള്ള കൈ വലിച്ചു നീട്ടുന്നതായി ഭാവിക്കും. അതോടൊപ്പം രണ്ടു കൈകളും നേരെ ആക്കുകയും ചെയ്യും. നീളക്കുറവുള്ള കൈ നീണ്ടു വന്നതായി സകല വിഡ്ഢികൾക്കും തോന്നിപ്പോകും. അതോടെ ജനം ഇളകും. റാം ബാബു അത്ഭുത വീരനുമാകും. ഇത്തരം ഒരു ചെപ്പടിവിദ്യ കാണാൻ ആഗ്രഹമുള്ളവർ ഡിഫെൻഡറിന്റെ വെബ്സൈറ്റിലുള്ള യൂട്യൂബ് ലിങ്ക് ക്ലിക്ക് ചെയ്യുക. എറണാകുളത്തുള്ള കുറെ വിഡ്ഢികളെ റാം ബാബു കബളിപ്പിച്ചതെങ്ങനെ എന്നു നേരിൽ കാണാം.

കൈ വലിച്ചു നീട്ടൽ മാത്രമല്ല, എല്ലാവിധ രോഗശാന്തി തട്ടിപ്പുകളും റാം ബാബു കാണിക്കും. പേരുവിളിക്കൽ ശുശ്രൂഷ, ഉന്തിവീഴ്ത്തൽ ശുശ്രൂഷ തുടങ്ങിയവയും തരം പോലെ പുറത്തെടുക്കും. പുറമെ കാണാനാവാത്ത രോഗങ്ങളാണു സൗഖ്യമാക്കുക. കൈവേദന, കാല് വേദന, നടുവിനു വേദന, ചൊറിച്ചിൽ തുടങ്ങിയ മാരക രോഗങ്ങൾ ക്ഷണത്തിൽ സൗഖ്യമാകും. ചെകിടർ കാണും. അന്ധർ കേൾക്കും. മുടന്തർ (മുടന്തി) നടക്കും. എന്തതിശയമേ എന്ന് ആരും പറഞ്ഞുപോകും. സമ്പൂർണ്ണ സാക്ഷരത നേടിയെന്നു പറയപ്പെടുന്ന കേരളത്തിൽപ്പോലും റാം ബാബുവിന്റെ തട്ടിപ്പ് വിജയിക്കുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ മാത്രമല്ല ലോകമെമ്പാടും ഈ കള്ളൻ അത്ഭുതം പ്രവർത്തിക്കും. ഇപ്പോഴിതാ കുറെ പമ്പര വിഡ്ഢികൾ ഈ കള്ളനെ മാഞ്ചസ്റ്ററിലും എഴുന്നെള്ളിച്ചുകൊണ്ടു വരുന്നു.

അത്ഭുതം നടത്തുന്നവരെന്നു പറയപ്പെടുന്ന ഈ തട്ടിപ്പുകാരുടെ പിന്നാലെ വിശ്വാസികൾ പരക്കം പായുന്നതിന്റെ രഹസ്യമെന്ത്? ഉത്തരം വ്യക്തം. വിശ്വാസികളെന്നു പറയപ്പെടുന്ന ഇവർക്ക് ദൈവത്തെ വിശ്വാസമില്ല, ദൈവവചനം സത്യമാണെന്ന് ഇവർ അംഗീകരിക്കുന്നുമില്ല. പണ്ടുകാലത്ത് അത്ഭുതം നടന്നു എന്നൊക്കെ ബൈബിളിൽ പറയുന്നുണ്ടെങ്കിലും അതൊക്കെ വെറും കഥകളാണെന്നത്രേ ഇവരുടെ ഉള്ളിലിരുപ്പ്. അതുകൊണ്ട് ചില അത്ഭുതങ്ങളൊക്കെ നേരിൽ കാണാനും കണ്ടു വിശ്വസിക്കാനും ഇവർ ആഗ്രഹിക്കുന്നു. അടയാളം ചോദിച്ചു നടന്ന യഹൂദൻമാരും ഇവരുടെ മനോഭാവമുള്ളവരായിരുന്നു. അത്ഭുതം നടക്കുന്നു എന്നു കേട്ടാൽ ഇത്തരക്കാർ ഓടിക്കൂടും. പക്ഷേ കുരിശിന്റെ സമീപം ഇവരിൽ ആരും ഉണ്ടാകുകയില്ല. ഇവർക്കു വേണ്ടത് ക്രൂശിൽ മരിക്കുന്ന യേശുവിനെയല്ല അത്ഭുതം പ്രവർത്തിക്കുന്ന വീരനെയാണ്. ഇവർ തേടുന്നതു നിത്യജീവനല്ലെന്നു തീർച്ച.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan